കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ആറാട്ടുപുഴ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2016-2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ-എ.എൽ.പി-പി13-746/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,
ആലപ്പുഴ-688 011
ഫോൺ: 0477 2252753
ഇ-മെയിൽ: ddhglfalpy@gmail.com
തീയതി: 19.06.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ആറാട്ടുപുഴ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ആറാട്ടുപുഴ ഗ്രാമപഞ്ചായത്ത്- 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആറാട്ടുപുഴ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-1 ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ എല്ലാ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-എ.എൽ.പി/പി13-746/2017 തീയതി: 19.06.2017

# ആലപ്പുഴ ജില്ലയിലെ ആറാട്ടുപുഴ ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

ആലപ്പുഴ ജില്ലയിലെ ആറാട്ടുപുഴ ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 1.11.2016 മുതൽ 4.6.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 9 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ എല്ലാത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | സി.വൈ.സലീം,<br>ഡെപ്യൂട്ടിഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 19.5.2017 മുതൽ<br>27.5.2017 വരെ | ശ്രീ.എസ്.വിജയകുമാർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)<br>ശ്രീമതി. ദീപാ കെ ഗോപാൽ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീ.ഫമിൻ.എസ്.എം, സീനിയർ |

| | |
|---|---|
| | ഗ്രേഡ് ഓഡിറ്റർ.<br>ശ്രീമതി. പ്രീത. ഓഡിറ്റർ. |

(ബി) നിർവ്വഹണാധികാരികൾ

1)പ്രസിഡന്റ്

| | | |
|---|---|---|
| 1 | ശ്രീമതി.എസ്.അജിത | 1.4.16 മുതൽ 31.3.17 വരെ |

2) സെക്രട്ടറി

| | | |
|---|---|---|
| 1 | ശ്രീ.അശോക് കുമാർ | 1.4.16 മുതൽ 13.11.16വരെ |
| 2 | ശ്രീ.രാധാകൃഷ്ണൻ നായർ, അസിസ്റ്റന്റ്സെക്രട്ടറി (സെക്രട്ടറിയുടെ അധിക ചുമതല) | 14.11.16മുതൽ29.12.16വരെ |
| 3 | ശ്രീമതി.ആർ.ശ്രീല | 30.12.16 മുതൽ31.3.17വരെ |

3.മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ

| | | | |
|---|---|---|---|
| 1 | കൃഷി ഓഫീസർ | എലിസബത്ത് ഡാനിയേൽ | 1.4.16 മുതൽ 16.9.16വരെ |
| | | ശ്രീമതി.മഞ്ജുഷ | 17.9.16 മുതൽ 31.3.17 വരെ |
| 2 | വെറ്ററിനറി സർജൻ | ഡോ.അർച്ചന.എസ്.നായർ | 1.4.16 മുതൽ 31.3.17 വരെ |
| 3 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.എസ്.എസ്. സാഹിനി | 1.4.16 മുതൽ 31.3.17 വരെ |
| 4 | മെഡിക്കൽ ഓഫീസർ, പിഎച്ച്.സി. | ഡോ.ശ്രീപ്രസാദ് | 1.4.16 മുതൽ 3.7.16വരെ |
| | | ഡോ.നൂപുര.എ.ആർ. | 1.8.16 മുതൽ 31.3.17 വരെ |
| 5 | മെഡിക്കൽ ഓഫീസർ (ആയുർവേദം). | ഡോ.പി.എസ്.നസീർ | 1.4.16 മുതൽ 31.3.17 വരെ |
| 6 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.വി.എൻ.പ്രിയ | 1.4.16 മുതൽ 31.3.17 വരെ |
| 8 | ഹെഡ്മിസ്ട്രസ്സ്, ഗവ.(യു.പി.എസ്.) | ശ്രീമതി.സുറീന ബീഗം | 1.4.16 മുതൽ 31.3.17 വരെ |
| 9 | അസിസ്റ്റന്റ് | ശ്രീമതി.ലക്ഷ്മി.വി. | 1.4.16 മുതൽ |

| | | | |
|---|---|---|---|
| | എൻജിനീയർ | | 31.3.17 വരെ |
| 10 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.ജുൾഫിൻയോഗി.വൈ. | 1.4.16 മുതൽ 27.7.17 വരെ |
| | | ശ്രീമതി.അമ്പിളി ഭാസ്കർ | 28.7.16 മുതൽ 31.3.17വരെ |
| 11 | അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.രാധാകൃഷ്ണൻ നായർ | 01.04.16മുതൽ 31.03.17 വരെ |
| 12. | മെഡിക്കൽ ഓഫീസർ ഹോമിയോ) | ഡോ.എ.കെ.മനു. | 1.4.16 മുതൽ 31.3.17 വരെ |

<u>ഉള്ളടക്കം</u>


| ക്രമനം. | ഭാഗം -1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | പൊതു അവലോകനം | 1-1to1-14 |
| | ഭാഗം -2 | |
| 2 | വസ്തുനികുതി പിരിവിൽ ഗുരുതര വീഴ്ച – 36.79 ലക്ഷം കുടിശ്ശിക | 2-1 |
| 3 | ലൈസൻസ് എടുക്കാതെയും തൊഴിൽ നികുതി ഒടുക്കാതെയും സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു - ഗ്രാമപഞ്ചായത്തിനു വരുമാന നഷ്ടം | 2-2 |
| | ഭാഗം-3 | |
| 4 | വാട്ടർ ചാർജ്ജ് ഒടുക്കൽ - ഗുരുതര വീഴ്ച – വർഷങ്ങളായി കോടികളുടെ അനാവശ്യ ചെലവ് | 3-1 |
| 5 | പദ്ധതി നിർവ്വഹണത്തിൽ ഗുരുതര വീഴ്ച – 2.3 കോടി ചെലവഴിച്ചില്ല | 3-2 |
| 6 | മരാമത്ത് വേലകളുടെ നിർവ്വഹണത്തിൽ ന്യൂനതകൾ | 3-3 |
| 7 | വില്ലേജ് ഓഫീസിനു തെക്കുവശം കിഴക്കോട്ട് ഓട – കാലതാമസത്തിന് പിഴ ഈടാക്കിയത് കുറവ് | 3-4 |
| 8 | പ്രട്ടേക്കാത്ത് വടക്കുവശം മുതൽ പുത്തൻ മണ്ണേൽ വരെ റോഡ് - ഗുണനിലവാരം കുറവ്, കണക്കുകൾ ഗുണ. സമിതി അംഗീകരിച്ചിട്ടില്ല | 3-5 |
| 9 | ഇടവിളകൃഷി, സമഗ്ര കേരകൃഷി വികസനം - പർച്ചേസ് കമ്മറ്റി തീരുമാനത്തിന് വിരുദ്ധമായി വാങ്ങൽ നടത്തി | 3-6 |
| 10 | ഗ്രോബാഗ് പച്ചക്കറി കൃഷി വികസനം - അധിക ചെലവ് | 3-7 |
| 11 | പദ്ധതി രൂപീകരണം - നോട്ടീസ് പ്രിന്റിംഗിന് അധിക തുക നൽകി, പദ്ധതി രേഖ പ്രിന്റ് ചെയ്തത് | 3-8 |

| | | |
|---|---|---|
| | ക്വട്ടേഷനില്ലാതെ | |
| 12 | പ്രിന്റിംഗ് - വാറ്റ് ഈടാക്കിയില്ല | 3-9 |
| 13 | സെക്രട്ടറിയുടെ പദ്ധതി നിർവ്വഹണം - രേഖകൾ പൂർണ്ണമല്ല – ചെലവ് തടസ്സപ്പെടുത്തുന്നു | 3-10 |
| 14 | സി.ഡി.എസ്-ന് നൽകിയ തുക ചെലവഴിക്കാതെ ശേഷിക്കുന്നു | 3-11 |
| 15 | മത്സ്യ തൊഴിലാളികളുടെ മക്കൾക്ക് പഠനോപകരണം - വാങ്ങിയവയെല്ലാം വിതരണം ചെയ്തില്ല | 3-12 |
| 16 | അംഗനവാടികൾക്ക് വാട്ടർ കണക്ഷൻ - പൂർത്തീകരണ വിവരങ്ങൾ ലഭ്യമല്ല | 3-13 |
| 17 | എസ്.എസ്.എ. വിഹിതം, പത്താംതരം തുല്യത – സാധൂകരണ രേഖകൾ ഹാജരാക്കിയില്ല | 3-14 |
| 18 | പഞ്ചായത്തിന്റെ പൂർവ്വകാല ചരിത്രം പ്രസിദ്ധപ്പെടുത്തൽ - സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ വികസനഫണ്ട് ചെലവഴിച്ചു | 3-15 |
| 19 | ആയുർവ്വേദ ഡിസ്പെൻസറിക്ക് മരുന്ന് - പൂർണ്ണമായും ലഭ്യമായില്ല | 3-16 |
| 20 | വാട്ടർ ടാങ്ക് വാങ്ങൽ - രസീതില്ലാതെ പണം നൽകി | 3-17 |
| 21 | ജീവനക്കാർക്ക് തെറ്റായി ഇൻക്രിമെന്റ് അനുവദിച്ചു | 3-18 |
| | ഭാഗം-4 | |
| 14 | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | 4-1 to4-10 |
| | അനുബന്ധം | |
| 15 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബഡ്ജറ്റ്

2016-17 വർഷത്തെ ബജറ്റ് 2.3.2016 ലെ 1-ാം നമ്പർ തീരുമാന പ്രകാരം 5.3.16 നുള്ളിൽ നിയമസഭാ തിരഞ്ഞെടുപ്പ് പെരുമാറ്റചട്ടം നിലവിൽ വരുമെന്നതിനാൽ തൽകാലത്തേയ്ക്ക് 2015-16 ലെ ബഡ്ജറ്റ് അതേ പോലെ അംഗീകരിച്ച് പാസ്സാക്കുവാൻ തീരുമാനിക്കുകയാണുണ്ടായത്. പിന്നീട് ബജറ്റ് പുതുക്കി അംഗീകരിച്ചിട്ടുമില്ല. അംഗീകൃത ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 24,13,42,242/- | 24,44,45,160/- |
| വാർഷിക കണക്ക് പ്രകാരം | 5,15,20,542/- | 4,35,43,809/- |

ഇ.എഫ്.എം.എസ് വഴി NREGS, Bഫണ്ട് എന്നീ ഇനങ്ങളിൽ വന്നിട്ടുള്ള 12.41 കോടി രൂപയുടെ വരവു ചെലവുകൾ റസീപ്റ്റ് & പേമെന്റ് അക്കൗണ്ടിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇവ ഉൾപ്പെടെയുള്ള കണക്കു നോക്കിയാലും ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവും ചെലവും യഥാർത്ഥ വരവു ചെലവും തമ്മിൽ കാര്യമായ വ്യത്യാസം ഉണ്ടെന്ന് കാണാം. ഇതിൽ നിന്നും ബജറ്റ് തയ്യാറാക്കുന്നതിൽ കൂടുതൽ ശ്രദ്ധ വേണമെന്ന് വ്യക്തമാകുന്നു.

*(ഈ വരവു ചെലവു കണക്കുകൾ ഓഡിറ്റിനു വിധേയമാക്കിയതിൽ ............................ രൂപയുടെ ചെലവുകൾ ഓഡിറ്റിൽ അംഗീകരിക്കാൻ സാധിക്കാത്ത വിധം ചെലവു ചെയ്തതായി കണ്ടെത്തി. കൂടാതെ വിവിധ കാരണങ്ങളാൽ ............... രൂപയുടെ ഓഡിറ്റിൽ തടസ്സപ്പെടുത്തിയിട്ടുമുണ്ട്. വിശദ വിവരങ്ങൾക്കായി ഈ റിപ്പോർട്ടിന്റെ 2, 3 എന്നീ ഭാഗങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.)*

1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2016-17 | 31.7.2017 | 1.6.2017 | --- | ----- |

1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

1-4 സാമ്പത്തിക വിശകലനം (വാർഷിക ധനകാര്യ പത്രിക പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 12124945 |
| വരവ് | 51520543 |
| ആകെ | 63645488 |
| ചെലവ് | 43543809 |
| നീക്കിയിരിപ്പ് | 20101679 |

1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | അലോട്ട്മെന്റ് | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|
| വികസനഫണ്ട് -പൊതുവിഭാഗം | 20133023 | 13306430 | 66.09% |
| വികസനഫണ്ട് - എസ്.സി.പി. | 2432655 | 1370129 | 56.32% |
| വികസനഫണ്ട് - ടി.എസ്.പി. | 15687 | ----- | 0% |
| സംരക്ഷണ ഗ്രാന്റ് - റോഡ് | 6962805 | 606220 | 8.71% |
| സംരക്ഷണ ഗ്രാന്റ് - നോൺ റോഡ് | 5335251 | 4200713 | 78.74% |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 10254455 | 8470096 | 82.60% |
| പെർഫോമൻസ് ഗ്രാന്റ് | 5912893 | ---- | 0% |
| ബി. ഫണ്ട് | 27146290 | 27146290 | 100% |
| എം.ജി.എൻ.ആർ. ഇ.ജി.എസ്. | *98492782 (മുന്നിരിപ്പ് രൂ. 716/- ഉൾപ്പെടെ)* | 98454926 | 99.96% (നീക്കിയിരിപ്പ് രൂ.37856/-) |

1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 146 | 71213241 | 70 | 29246465 | 70 | 6 | 48% |

1-7 തനത് വരുമാനം

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് 2016-17 സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 109% ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+/-) |
|---|---|---|---|---|
| നികുതി വരവുകൾ | 1773650 | 2317960 | (+)544310 | (+)30.68 |
| നികുതിയേതര വരവുകൾ | 292642 | 2133663 | (+)1841021 | (+)629% |
| മറ്റ് വരവുകൾ | 140622 | 170841 | (+)30219 | (-)21% |
| ആകെ | 2206914 | 4622464 | (+)2415550 | (+)109% |

ലൈറ്റ് ഹൗസ് സ്ഥലത്തിന്റെ പാട്ടത്തുകയിനത്തിൽ 20,00,000/- രൂപാ ലഭിച്ചതു മൂലമാണ് വരുമാനം ഇത്രയും വർദ്ധിക്കാൻ കാരണം

1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 434040 | 231 |
| കർഷകതൊഴിലാളി പെൻഷൻ | 745020 | 199 |
| വിധവാപെൻഷൻ | 13198900 | 3132 |
| വാർദ്ധക്യകാലപെൻഷൻ | 7678460 | 1841 |
| വികലാംഗപെൻഷൻ | 4085870 | 1203 |
| 50 വയസ്സ് കഴിഞ്ഞവർക്ക് അവിവാഹിതപെൻഷൻ | 1004000 | 277 |

1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 7.6.17ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 11096/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-10 ആഭ്യന്തരനിയന്ത്രണം

ആസ്തികളുടെ വിവരങ്ങൾ അടങ്ങിയ ആസ്തി രജിസ്റ്ററുകൾ എല്ലാ ആസ്തി വിവരങ്ങളും ഉൾപ്പെടുത്തി കാലികമാക്കിയിട്ടില്ല.

1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.5.17 | 4/17 | ---- |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 17.2.16 | 2010-2011മുതൽ 2014-2015 വരെ | 31.3.16 വരെ |

1-12 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രവർത്തനം - കാര്യക്ഷമമല്ല

ഗ്രാമ പഞ്ചായത്തിൽ ഓഡിറ്റ് വർഷം തൊഴിലുറപ്പ് പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്ത തൊഴിലന്വേഷകരുടെയും, സൃഷ്ടിക്കപ്പെട്ട തൊഴിലവസരങ്ങളുടെയും വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| തൊഴിൽ കാർഡുള്ള കുടുംബങ്ങളുടെ എണ്ണം | 5410 |
| രജിസ്റ്റർ ചെയ്ത വ്യക്തികളുടെ എണ്ണം | 14456 |
| തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങളുടെ എണ്ണം | 4543 |
| തൊഴിൽ ആവശ്യപ്പെട്ട വ്യക്തികളുടെ എണ്ണം | 5084 |
| സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ | 273729 |
| ഒരു കുടുംബത്തിനു ലഭ്യമായ ശരാശരി തൊഴിൽ ദിനങ്ങൾ | 60.25 |
| 100 തൊഴിൽ ദിനങ്ങൾ ലഭിച്ച കുടുംബങ്ങൾ | 130 |

തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങൾക്ക് ശരാശരി 60.25 തൊഴിൽ ദിനങ്ങൾ മാത്രമാണ് നല്കാൻ കഴിഞ്ഞത്. തൊഴിൽ ആവശ്യപ്പെട്ട 4543 കുടുംബങ്ങളിൽ 130 കുടുംബങ്ങൾക്ക്

മാത്രമാണ് 100 തൊഴിൽ ദിനങ്ങൾ ലഭിച്ചത്. അതായത് 2.86%. ദരിദ്രരായ അനേകം ആളുകൾ അധിവസിക്കുന്ന ഈ പ്രദേശത്തെ കുടുംബങ്ങൾക്ക് കുറഞ്ഞത് 100 ദിവസത്തെ തൊഴിൽ ലഭ്യമാക്കുന്നതിൽ ഗ്രാമ പഞ്ചായത്ത് കാര്യമായ വീഴ്ച വരുത്തി. ടി വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

1-13 ദുരിതാശ്വാസ നിധി കടലാസിൽ മാത്രം - ദുരിത ബാധിതരെ അടിയന്തിര ഘട്ടങ്ങളിൽ ഗ്രാമ പഞ്ചായത്ത് സഹായിക്കുന്നില്ല

ഗ്രാമ പഞ്ചായത്തിലെ സാമ്പത്തികമായും ആരോഗ്യപരമായും ദുർബലരായവരെ അടിയന്തിര ഘട്ടത്തിൽ സഹായിക്കുക എന്നത് ഗ്രാമ പഞ്ചായത്തിന്റെ അടിസ്ഥാന ധർമ്മങ്ങളിലൊന്നാണ്. സാമ്പത്തികമായി പിന്നാക്കം നില്ക്കുന്ന ധാരാളം ആളുകൾ അധിവസിക്കുന്ന ഒരു പ്രദേശമാണ് ആറാട്ടുപുഴ ഗ്രാമ പഞ്ചായത്ത്. അടിയന്തിര ഘട്ടങ്ങളിൽ ദുർബല ജനവിഭാഗങ്ങൾക്ക് സഹായം എത്തിക്കുന്നതിനായി ഓരോ ഗ്രാമ പഞ്ചായത്തിന്റെയും പ്രസിഡന്റിന്റെ പേരിൽ ഒരു ദുരിതാശ്വാസ നിധി രൂപീകരിച്ച് പ്രവർത്തിക്കണമെന്ന് സർക്കാർ നിർദ്ദേശവുമുണ്ട്.

ഈ ഗ്രാമ പഞ്ചായത്തിൽ 27.12.2004 ൽ പ്രസിഡന്റിന്റെ പേരിലുള്ള ദുരിതാശ്വാസ നിധി ആരംഭിക്കുകയുണ്ടായി. ഇതിനായി കോർപ്പറേഷൻ ബാങ്കിൽ ആരംഭിച്ച അക്കൌണ്ടിൽ 500/- രൂപ നിക്ഷേപിച്ചതൊഴികെ യാതൊരു പ്രവർത്തനവും നാളിതുവരെ നടത്തിയിട്ടില്ല. ബാങ്ക് ചാർജ്ജുകൾ കിഴിച്ച് അക്കൗണ്ടിൽ കേവലം 120/- രൂപ മാത്രമാണ് ബാക്കി നില്പ്.

23.5.2016 ലെ 2(1) തീരുമാനം പ്രകാരം ഒരു ദുരിതാശ്വാസ നിധി രൂപീകരിച്ച് ഫണ്ട് ശേഖരണം നടത്തുന്നതിനു തീരുമാനിച്ചതായി കാണുന്നു. എന്നാൽ നാളിതു വരെ ഇതു സംബന്ധിച്ച യാതൊരു പ്രവർത്തനവും നടത്തിയിട്ടില്ല.

സാമ്പത്തികമായി പിന്നാക്കം നില്ക്കുന്ന ധാരാളം ആളുകൾ അധിവസിക്കുന്ന ഈ ഗ്രാമ പഞ്ചായത്തിലെ ജനങ്ങൾക്ക് അടിയന്തിര സാഹചര്യങ്ങളിൽ യാതൊരുവിധ സഹായവും കഴിഞ്ഞ 12 വർഷവും ഗ്രാമപഞ്ചായത്തിന് ചെയ്യാൻ സാധിച്ചില്ല എന്നത് തികച്ചും നിരാശാ ജനകമാണ്. ഈ വിഷയത്തിൽ ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

1-14 അംഗൻവാടികൾക്ക് കെട്ടിടം ഉണ്ടാക്കുന്നതിലും മറ്റ് സൗകര്യങ്ങൾ ലഭ്യമാക്കുന്നതിലും അർഹമായ താല്പര്യം കാണിക്കുന്നില്ല

സാമ്പത്തികമായി പിന്നാക്കം നില്ക്കുന്ന അനേകം കുടുംബങ്ങൾ അധിവസിക്കുന്ന ഈ ഗ്രാമ പഞ്ചായത്ത് പ്രദേശത്തെ സാധാരണക്കാരുടെ കുഞ്ഞുങ്ങളുടെ ആശ്രയകേന്ദ്രങ്ങളാണ് ഇവിടുത്തെ അംഗൻവാടികൾ. ആകെ 40 അംഗൻവാടികളാണ് ഇവിടെ പ്രവർത്തിക്കുന്നത്. എന്നാൽ ഇവയിൽ 29 എണ്ണത്തിനു മാത്രമാണ് സ്വന്തമായി കെട്ടിടങ്ങളുള്ളത്. ഒരെണ്ണം ഒരു സന്നദ്ധ സംഘടന വക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. ബാക്കി 10 എണ്ണവും വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. 2 എണ്ണത്തിൽ മാത്രമാണ് baby friendly toilet സൗകര്യം ഉള്ളത്. 3 എണ്ണത്തിൽ വൈദ്യുത കണക്ഷൻ ഇല്ല. ഒരംഗൻവാടിയിൽ (നം.23) സാധാരണ ടോയിലറ്റ് സൗകര്യമോ കുടിവെള്ള സൗകര്യമോ പോലും ഇല്ല. കേവലം 6 എണ്ണത്തിനു മാത്രമാണ് ചുറ്റുമതിൽ ഉള്ളത്. മറ്റ് ഭൗതിക സൗകര്യങ്ങളുടെ കാര്യത്തിലും

കാര്യമായ പുരോഗതി ഇല്ല. അതുപോലെ, ഭൂരിഭാഗം അംഗൻവാടികളിലും കുട്ടികളുടെ മാനസികോല്ലാസത്തിനുള്ള കാര്യമായ സൗകര്യങ്ങൾ ഒന്നും തന്നെയില്ല എന്നും കാണുന്നു.

ടി വസ്തുതകളിൽ നിന്നും അംഗൻവാടികളുടെ കാര്യത്തിൽ ഗ്രാമ പഞ്ചായത്ത് അധികൃതർ നാളിതുവരെ അർഹമായ ശ്രദ്ധ ചെലുത്തിയിരുന്നില്ല എന്നു വ്യക്തമാകുന്നു. അധികാര വികേന്ദ്രീകരണം വഴി അംഗൻവാടികളുടെ ചുമതല ഗ്രാമപഞ്ചായത്തിനു ലഭിച്ച് 2 ദശാബ്ദങ്ങളായിട്ടും ഗ്രാമ പഞ്ചായത്തിലെ എല്ലാ അംഗൻവാടികൾക്കും ആവശ്യമായ സൗകര്യങ്ങൾ ലഭ്യമാക്കാൻ കഴിഞ്ഞില്ല എന്നത് അഭിമാനകരമല്ല.

ഗ്രാമ പഞ്ചായത്തിലെ എല്ലാ അംഗൻവാടികൾക്കും സ്വന്തമായി കെട്ടിടം ലഭ്യമാക്കുന്നതിനും മറ്റ് ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തുനികുതി പിരിവിൽ ഗുരുതര വീഴ്ച – 36.79 ലക്ഷം കുടിശ്ശിക

പഞ്ചായത്തിന്റെ ഏറ്റവും പ്രധാന തനതു വരുമാന മാർഗ്ഗമാണ് വസ്തുനികുതി. താരതമ്യേന തുച്ഛമായ തനതു വരുമാനം മാത്രമുള്ള ഈ ഗ്രാമ പഞ്ചായത്തിന്റെ ആകെ തനതു വരുമാനത്തിന്റെ ഭൂരിഭാഗവും വസ്തുനികുതിയാണ്. എന്നാൽ ഈ വസ്തുനികുതി പിരിച്ചെടുക്കുന്നതിൽ വർഷങ്ങളായി ഗുരുതര വീഴ്ച വരുത്തുന്നതു മൂലം ഭീമമായ തുക കുടിശ്ശികയായി.

2016-17ലെ ഡി.സി.ബി. സ്റ്റേറ്റ്മെന്റ് പ്രകാരം വസ്തുനികുതിയിനത്തിൽ 36,78,961/- രൂപ കുടിശ്ശികയുണ്ട്. കുടിശ്ശിക ഉൾപ്പെടെ 50,02,511/- പിരിച്ചെടുക്കാനുണ്ടായിരുന്നതിൽ 13,23,550/- രൂപ മാത്രമാണ് പിരിച്ചെടുക്കാനായത്. അതായത് 26.46%. ഇത് പഞ്ചായത്തിന്റെ, പ്രത്യേകിച്ചും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റയുടെ ഭാഗത്തുനിന്നുണ്ടായ ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.

ഗ്രാമപഞ്ചായത്തിനു ലഭിക്കാനുള്ള എല്ലാ തുകകളും പൂർണ്ണമായും പിരിച്ചെടുക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. വിഷയത്തിൽ ഭരണ സമിതിയുടെയും ഭരണ വകുപ്പിന്റെയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 2-2 ലൈസൻസ് എടുക്കാതെയും തൊഴിൽ നികുതി ഒടുക്കാതെയും സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു – ഗ്രാമപഞ്ചായത്തിനു വരുമാന നഷ്ടം

വസ്തു നികുതി കഴിഞ്ഞാൽ ഗ്രാമ പഞ്ചായത്തിന്റെ തനതു വരുമാന മാർഗ്ഗങ്ങളിൽ പ്രധാനപ്പെട്ടവയാണ് തൊഴിൽ നികുതിയും ലൈസൻസ് ഫീസും. എന്നാൽ ഓഡിറ്റു വർഷം വ്യാപാര സ്ഥാപനങ്ങളുടെ തൊഴിൽ നികുതിയും ലൈസൻസ് ഫീയും പിരിച്ചെടുക്കുന്നതിൽ കാര്യമായ വീഴ്ച ഉണ്ടായിട്ടുള്ളതായി കാണുന്നു. നികുതി/ഫീസ് ഒടുക്കുവാൻ ബാദ്ധ്യതയുള്ള സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കുന്നതിൽ ഉണ്ടായ വീഴ്ച മൂലം ഗ്രാമ പഞ്ചായത്തിന്

കാര്യമായ വരുമാന നഷ്ടമുണ്ടായിട്ടുണ്ട്.

2016-17 ൽ 113 വ്യാപാര സ്ഥാപനങ്ങൾ മാത്രമാണ് D&Oലൈസൻസ് എടുത്തിട്ടുള്ളത്. അത്രയും സ്ഥാപനങ്ങളിൽ നിന്നു മാത്രമേ തൊഴിൽ നികുതിയും ഈടാക്കിയിട്ടുള്ളൂ. ഈ ഗ്രാമ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ഇത് താരതമ്യേന കുറവാണ്. കാരണം, ഓഡിറ്റു വർഷം ഗ്രാമ പഞ്ചായത്തിൽ നിലവിലുണ്ടായിരുന്ന 8259 കെട്ടിടങ്ങളിൽ 608 എണ്ണം വ്യാപാര ആവശ്യങ്ങൾക്കു വേണ്ടി നിർമ്മിക്കപ്പെട്ടവയാണന്ന് വസ്തു നികുതി രജിസ്റ്റർ അടിസ്ഥാനമാക്കി സെക്രട്ടറി തയ്യാറാക്കി ഓഡിറ്റിൽ സമർപ്പിച്ച കണക്കുകളിൽ നിന്നും വ്യക്തമാണ്. ആയതിനാൽ ഈ ഗ്രാമപഞ്ചായത്തിൽ ഇതിലും വളരെയധികം വ്യാപാര സ്ഥാപനങ്ങൾ ഉണ്ട് എന്ന് സുവ്യക്തമാണ്.

അതുപോലെ ഓഡിറ്റിൽ ലഭ്യമായ വിവരം അനുസരിച്ച് ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഏതാനും കള്ളു ഷാപ്പുകൾ പ്രവർത്തിക്കുന്നുണ്ട്. പരമാവധി നിരക്കിൽ (പ്രതിവർഷം രൂ.2500/-) നികുതി ഈടാക്കാമായിരുന്ന ഈ സ്ഥാപനങ്ങളിൽ നിന്നും യാതൊരു നികുതിയും ഈടാക്കിയിട്ടില്ല.

ഇതിൽ നിന്നും 2016-17 ൽ ഗ്രാമ പഞ്ചായത്തിലെ തൊഴിൽ നികുതിയും ലൈസൻസ് ഫീയും ഒടുക്കുവാൻ ബാദ്ധ്യസ്ഥരായ എല്ലാ സ്ഥാപനങ്ങളുടെയും വിവരങ്ങൾ ശേഖരിക്കുന്നതിൽപോലും വീഴ്ചയുണ്ടായി എന്നു കാണാം.

ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിച്ചത് ഗ്രാമ പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാക്കി എന്നു മാത്രമല്ല ഗ്രാമ പഞ്ചായത്തിന്റെ നിയമപരമായ അധികാരം ചോദ്യം ചെയ്യപ്പെട്ട സംഭവവുമാണ്.

ടി ന്യൂനതകൾക്ക് വിശദീകരണം ആരാഞ്ഞ നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.13/13.62017) മറുപടി ലഭ്യമാക്കിയിട്ടില്ല.

ടി വിഷയങ്ങളിൽ ആവശ്യമായ നടപടികൾ സ്വീകരിച്ച് വിശദാംശം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 വാട്ടർ ചാർജ്ജ് ഒടുക്കൽ - ഗുരുതര വീഴ്ച - വർഷങ്ങളായി കോടികളുടെ അനാവശ്യ ചെലവ്

ഗ്രാമ പഞ്ചായത്തിന്റെ എറ്റവും വലിയ ചെലവാണ് വാട്ടർ ചാർജ്ജ് ഒടുക്കൽ. എന്നാൽ ഉപയോഗിക്കുന്ന ടാപ്പുകളുടെ എണ്ണം, അടവാക്കിയ തുക എന്നിവ സംബന്ധിച്ച വ്യക്തമായ കണക്കുകളും രേഖകളും ഇല്ലാത്തതിനാലും ആവശ്യമില്ലാത്തതും ഉപയോഗിക്കാത്തതുമായ ടാപ്പുകളുടെ വിവരം കൃത്യസമയത്ത് വാട്ടർ അതോറിറ്റിയുടെ ശ്രദ്ധയിൽപെടുത്താത്തതും മൂലം ഗ്രാമ പഞ്ചായത്തിന് കോടികളുടെ നഷ്ടം ഉണ്ടാകുന്നു. വിശദാംശം ചുവടെ.

1. <u>ആവശ്യമില്ലാത്തതും ഉപയോഗിക്കാത്തതുമായ ടാപ്പുകൾക്കു വേണ്ടി തുക ഒടുക്കുന്നു</u>

പഞ്ചായത്ത് പ്രതിമാസം 5,28,063/-രൂപ വെള്ളക്കരമായി കേരള വാട്ടർ അതോറിറ്റിക്ക് അടക്കേണ്ടിവരുന്നുണ്ട്. പ്രതിവർഷ ചെലവ് രൂ.63,36,756/-. 1207 പൊതുടാപ്പുകൾ ഉണ്ട് എന്ന കണക്കിനെ അടിസ്ഥാനമാക്കിയാണ് വർഷങ്ങളായി വാട്ടർ അതോറിറ്റി വെള്ളക്കരം ഡിമാന്റ് ചെയ്ത് പോരുന്നത്. ഇത് വർഷങ്ങൾക്കു മുമ്പുള്ള കണക്കാണ്.

കഴിഞ്ഞ രണ്ട് ദശാബ്ദങ്ങൾക്കിടയിൽ വിവിധ പദ്ധതികൾ വഴിയും സ്വകാര്യ ധനം ഉപയോഗിച്ചും ഗ്രാമ പഞ്ചായത്തിലെ ഭൂരിഭാഗം പേർക്കും സ്വകാര്യ കുടിവെള്ള പൈപ്പ് കണക്ഷൻ ലഭ്യമായിട്ടുണ്ട്. 2016-17 ൽ മാത്രം 37 കുടുംബങ്ങൾക്ക് പൈപ്പ് കണക്ഷൻ നൽകി, മറ്റ് 257 പേർ കണക്ഷൻ എടുക്കാനുള്ള നടപടിക്രമങ്ങളിലുമാണ്. ഇതിൽ നിന്നും ഇത്രയേറെ പൊതു ടാപ്പുകൾ ആവശ്യമില്ല എന്ന് വ്യക്തമാണ്. വർഷങ്ങളായി സംയുക്ത അന്വേഷണം നടത്താത്തതിനാൽ ഉപയോഗമില്ലാത്തതും ഉപയോഗക്ഷമമല്ലാത്തതുമായ ടാപ്പുകളുടെ എണ്ണവും വ്യക്തമല്ല.

ഈ വിഷയം ജനപ്രതിനിധികളും നിർവ്വഹണോദ്യോഗസ്ഥരുമായി നടത്തിയ മീറ്റിംഗിൽ (എക്സിറ്റ് മീറ്റിംഗ്) ഉന്നയിക്കുകയുണ്ടായി. നിലവിൽ ഒരു വാർഡിൽ പരമാവധി 10അല്ലെങ്കിൽ 15 പൊതുടാപ്പിൽ കൂടുതൽ ഉപയോഗിക്കുന്നില്ല എന്നും അതിലധികം ആവശ്യവുമില്ല എന്നുമാണ് ജനപ്രതിനിധികൾ അഭിപ്രായപ്പെട്ടത്. ഈ അഭിപ്രായം കണക്കിലെടുത്താൽ പഞ്ചായത്തിൽ 250 ൽ താഴെ പൊതുടാപ്പുകൾ മാത്രമേ ഉള്ളൂ എന്ന് വ്യക്തമാണ്. ഇതിൽ നിന്നും ആയിരത്തോളം പൊതുടാപ്പുകളുടെ വെള്ളക്കരം പഞ്ചായത്ത് അധികമായി അടക്കുന്നു എന്ന് കാണാം. ടാപ്പ് ഒന്നിന് 5250/- രൂപാ പ്രകാരം ഒരു വർഷം ഏകദേശം 52.5 ലക്ഷം രൂപയാണ് ഇപ്രകാരം തെറ്റായി ഓരോ വർഷവും ഗ്രാമ പഞ്ചായത്ത് നഷ്ടപ്പെടുത്തുന്നത്. ഇത് ഗ്രാമ പഞ്ചായത്തിന്റെ ആകെ തനതു വരുമാനത്തിന്റെ ഇരട്ടിയിലധികം വരും. (തൻവർഷം ലഭിച്ച ലൈറ്റ് ഹൗസ് സ്ഥലത്തിന്റ പാട്ടത്തുക 20 ലക്ഷം കിഴിച്ചാൽ കേവലം 26.22 ലക്ഷം മാത്രമാണ് ആകെ തനതു വരുമാനം എന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കുക.)

2. കണക്കുകൾ കൃത്യമായി സൂക്ഷിക്കാത്തതുമൂലം ഭീമമായ കുടിശ്ശിക

വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസ് പ്രകാരം അഞ്ച് കോടിയിലധികം രൂപ കുടിശ്ശിക ഉണ്ട്. തൻവർഷം മെയിന്റനൻസ് ഗ്രാന്റിൽ നിന്ന് 3085000/-രൂപ കുടിശ്ശികയിനത്തിൽ അടച്ചെങ്കിലും പ്രതിമാസം കൂടുന്ന പത്തു ലക്ഷത്തിലേറെ രൂപ പലിശ ക്രമീകരിക്കാൻ പോലും ഇത് തികയുന്നില്ല. വർഷങ്ങളായി വാട്ടർ ചാർജ്ജുമായി ബന്ധപ്പെട്ട കണക്കുകളും രേഖകളും കൃത്യമായി തയ്യാറാക്കി സൂക്ഷിക്കുന്നില്ല. വിവിധ കാലഘട്ടങ്ങളിൽ സർക്കാർ ഗ്രാന്റുകളിൽ നിന്നും കുറവു ചെയ്ത് നേരിട്ട് വാട്ടർ അതോറിറ്റിയിൽ ഒടുക്കിയ തുകകളുടെയും കണക്കുകൾ ഇല്ല. ഇതു സംബന്ധിച്ച വ്യക്തവും കൃത്യവുമായ കണക്കുകൾ വാട്ടർ അതോറിറ്റിയിൽ നിന്നും ലഭ്യമാക്കിയിട്ടുമില്ല. ആയതിനാൽ വാട്ടർ അതോറിറ്റി നല്കുന്ന കണക്കുകൾ ശരിയാണന്ന് ഉറപ്പുമില്ല. വിഷയം വാട്ടർ അതോറിറ്റി അധികൃതരുടെ ശ്രദ്ധയിൽപെടുത്തി പരിഹരിക്കാനുള്ള യാതൊരു ശ്രമവും വർഷങ്ങളായി നടത്തുന്നുമില്ല (മുൻ റിപ്പോർട്ടുകളിലും വിഷയം സൂചിപ്പിച്ചിരുന്നതാണ്.)

നിലവിലുള്ള പൊതുടാപ്പുകളുടെ എണ്ണം പഞ്ചായത്ത് ജീവനക്കാരുടേയും പഞ്ചായത്ത് കമ്മറ്റി അംഗങ്ങളുടേയും കൂട്ടായ പരിശ്രമത്തിലൂടെ അടിയന്തിരമായി കണ്ടെത്തുന്നതിനും

നിലവിലില്ലാത്തതും ഉപയോഗമില്ലാത്തതുമായ കണക്ഷനുകൾ വിച്ഛേദിക്കാൻ കേരള വാട്ടർ അതോറിറ്റിയോട് രേഖാമൂലം ആവശ്യപ്പെടേണ്ടതുമാണ്. അതുപോലെ, സർക്കാർ ഗ്രാന്റിൽ നിന്നും വാട്ടർ അതോറിറ്റിക്കുവേണ്ടി തുക കുറവു ചെയ്ത കാലം മുതലുള്ള കണക്കുകൾ തയ്യാറാക്കി വിവരം വാട്ടർ അതോറിറ്റിയുടെ ശ്രദ്ധയിൽപെടുത്തി കുടിശ്ശിക സംബന്ധിച്ച കണക്കു കൃത്യമാക്കേണ്ടതാണ്. വിഷയത്തിൽ ഭരണസമിതിയുടെയും ഭരണ വകുപ്പിന്റെയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-2 പദ്ധതി നിർവ്വഹണത്തിൽ ഗുരുതര വീഴ്ച – 2.3 കോടി ചെലവഴിച്ചില്ല

ഓഡിറ്റ് വർഷം ഗ്രാമ പഞ്ചായത്തിന് വിവിധ ഇനങ്ങളിലുള്ള പദ്ധതി വിഹിതമായി ആകെ 5.1 കോടി രൂപ ലഭിച്ചിരുന്നു. എന്നാൽ കേവലം 2.8 കോടി രൂപ മാത്രമാണ് ചെലവഴിച്ചത്. അതായത് 54.76%. ഏറ്റെടുത്ത പദ്ധതികളിൽ, പ്രത്യേകിച്ചും മരാമത്തു പദ്ധതികളിൽ ഭൂരിഭാഗവും നടപ്പാക്കാതെ ബാക്കി 2.3കോടിയും നിഷ്ക്രിയമായി. വിശദാംശം ചുവടെ.

| ഇനം | അലോട്ട് ചെയ്ത തുക (രൂ.) | ചെലവഴിച്ച തുക (രൂ.) | ബാക്കി തുക (രൂ.) | ചെലവ് ശതമാനം |
|---|---|---|---|---|
| വികസന ഫണ്ട് - പൊതു വിഭാഗം | 20133023 | 13306430 | 6826593 | 66.09% |
| വികസന ഫണ്ട് - SCP | 2432655 | 1370129 | 1062526 | 56.32% |
| വികസന ഫണ്ട് - TSP | 15678 | 0 | 15678 | 0% |
| മെയിന്റ. ഗ്രാന്റ് - റോഡ് | 6962805 | 606220 | 6356585 | 8.71% |
| മെയിന്റ. ഗ്രാന്റ് - നോൺ റോഡ് | 5335251 | 4200713 | 1134538 | 78.74% |
| ധന. കമ്മീഷൻ ഗ്രാന്റ് | 10254455 | 8470096 | 1784359 | 82.60% |
| പെർഫൊർമൻസ് ഗ്രാന്റ് | 5912893 | 0 | 5912893 | 0% |
| ആകെ | 5,10,46,760 | 2,79,53,586 | 2,30,93,172 | 54.76% |

20466581/-രൂപ അടങ്കലിൽ 54 മരാമത്തു വേലകൾ ആവിഷ്കരിച്ചെങ്കിലും 2031700/- രൂപ ചെലവഴിച്ച് 12പദ്ധതികൾ മാത്രമാണ് പൂർത്തീകരിച്ചത്.

സാമ്പത്തികമായി വളരെയധികം പിന്നാക്കം നിൽക്കുന്ന ധാരാളം ജനങ്ങൾ അധിവസിക്കുന്ന

ഒരു പ്രദേശമണ് ആറാട്ടുപുഴ ഗ്രാമ പഞ്ചായത്ത്. മാത്രമല്ല, തീരെ കുറഞ്ഞ തനതു വരുമാനം മാത്രമാണ് ഉള്ളത്. ഭൗതിക സൗകര്യങ്ങൾ തീരെ കുറഞ്ഞ ഈ ഗ്രാമപഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാൻ ലഭ്യമായ ഇത്രയും ഭീമമായ തുക യഥാസമയം ചെലവഴിക്കാൻ കഴിയാതിരുന്നത് തീർത്തും നിരാശാജനകമാണ്.

വിഷയത്തിൽ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 3-3 മരാമത്ത് വേലകളുടെ നിർവ്വഹണത്തിൽ ന്യൂനതകൾ

2016-17 സാമ്പത്തിക വർഷം മരാമത്തു വേലകളുടെ നടത്തിപ്പിൽ താഴെപറയുന്ന ന്യൂനതകൾ കാണുന്നു.

എ) പദ്ധതികളുടെ മോണിറ്ററിംഗ് അംഗീകാരമില്ലാത്തവർ നടത്തുന്നു

GO(MS)4/2016/ത.സ്വ.ഭ.വ. തീയതി 11.1.2016 പ്രകാരം പുറപ്പെടുവിച്ച 12-ാം പദ്ധതിയുടെ പുതുക്കിയ മാർഗ്ഗരേഖ (ഖണ്ഡിക 22) പ്രകാരം ഓരോ പ്രോജക്ടിന്റെയും മോണിറ്ററിംഗ് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ തന്നെ (നിർവ്വഹണ ഉദ്യോഗസ്ഥൻ ഒഴികെ) നടത്തണമെന്ന് നിർദ്ദേശിക്കുന്നു. ഈ ഗ്രാമ പഞ്ചായത്തിൽ 30.1.2017 ലെ 9-ാം തീരുമാനം പ്രകാരം വർക്കിംഗ് ഗ്രൂപ്പുകളെ നിശ്ചയിച്ചിരുന്നു എങ്കിലും മോണിറ്ററിംഗ് ഇവർ ഉൾപ്പെടുന്ന സമിതിയല്ല നടത്തിയത് എന്നു കാണുന്നു. മരാമത്തു വേലകളുടെ കാര്യത്തിൽ വാർഡു മെമ്പറും പഞ്ചായത്തു പ്രസിഡന്റും (ചിലതിൽ സ്റ്റാ. കമ്മറ്റി ചെയർമാനും) മാത്രം ഒപ്പിട്ട മോണിറ്ററിംഗ് സമിതി റിപ്പോർട്ട് ആണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇവർ ഇരുവരും വർക്കിംഗ് ഗ്രൂപ്പിൽ ഉൾപ്പെടുന്നവർ പോലും അല്ല. ഇതിൽ നിന്നും മരാമത്തു പ്രവർത്തികൾ നിയമാനുസൃതം മോണിറ്ററിംഗ് നടത്തിയിട്ടില്ല എന്നു വ്യക്തം. ഇത് ഗുരുതരമായ ചട്ട ലംഘനം ആണ്.

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം. 2/9.6.2017) അസി. എഞ്ചിനീയർ നല്കിയ വിശദീകരണത്തിൽ അറിവില്ലായ്മ മൂലമാണ് ഇപ്രകാരം സംഭവിച്ചത് എന്ന് പറയുന്നു. ഇത് തികച്ചും അസ്വീകാര്യമായ മറുപടിയാണ്.

ആംഗീകൃത മോണിറ്ററിംഗ് സമിതി തന്നെ എല്ലാ പദ്ധതികളുടെയും കൃത്യമായ പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

ബി) രേഖകൾ കൃത്യമായി തയ്യാറാക്കി സൂക്ഷിക്കുന്നില്ല

മരാമത്തു വേലകളുമായി ബന്ധപ്പെട്ട രേഖകൾ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ഓരോ പ്രോജക്ടുകളുടെയും ചെലവിന്റെ വിശദാംശം പ്രോജക്ട് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. അതു പോലെ ആസ്തി രജിസ്റ്ററിലും ചെലവിന്റെ വിശദാംശം ചേർക്കുന്നില്ല.

മരാമത്തു വേലകളുമായി ബന്ധപ്പെട്ട എല്ലാ രേഖകളും നിയമാനുസൃതം തയ്യാറാക്കി ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 3-4 വില്ലേജ് ഓഫീസിനു തെക്കുവശം കിഴക്കോട്ട് ഓട - കാലതാമസത്തിന് പിഴ ഈടാക്കിയത് കുറവ്

നിർവ്വഹണം : അസിസ്റ്റന്റ് എഞ്ചിനീയർ

പ്രോജക്റ്റ് നം. : S0035/17

കരാറുകാരൻ : ഷരീഫ് (എസ്റ്റിമേറ്റ് നിരക്കിൽ)

2014-15 ൽ ആരംഭിച്ച വില്ലേജ് ഓഫീസിന്റെ തെക്കുവശം ഓട നിർമ്മാണം എന്ന പ്രവൃത്തി 31.3.2015ൽ പൂർത്തീകരിക്കേണ്ടിയിരുന്നതാണ്. ഇതിനായി 8.1.2015 ൽ സ്ഥലം കൈമാറിയെങ്കിലും 24.12.2016 ൽ മാത്രമാണ് പൂർത്തീകരിച്ചത്.

2012 ലെ പി.ഡബ്ല്യൂ.ഡി മാനുവൽ സെക്ഷൻ 2112 പ്രകാരം കരാർ പ്രവൃത്തിയുടെ അന്തസത്ത സമയക്ലിപ്തതയാണ്. കരാറുകാരൻ നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാൻ ബാദ്ധ്യസ്ഥനുമാണ്. ഏതെങ്കിലും കാരണവശാൽ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കാത്ത പക്ഷം, നിർദ്ദിഷ്ട പൂർത്തീകരണ കാലാവധിക്കു മുമ്പ് തന്നെ കരാറുകാരൻ രേഖാമൂലം കാലദൈർഘ്യത്തിനുള്ള അപേക്ഷ സമർപ്പിക്കേണ്ടതും അപേക്ഷ പരിശോധിച്ച് തക്കതായ കാരണമുള്ള പക്ഷം സമയം ദീർഘിപ്പിക്കാവുന്നതുമാണ് (ഓരോ തവണയും കാലാവധിയുടെ 25 ശതമാനത്തിൽ അധികരിക്കാത്ത വിധം). ഇപ്രകാരം കാലാവധിയുടെ 50% വരെ പരമാവധി പൂർത്തീകരണ സമയം ദീർഘിപ്പിക്കാവുന്നതാണ്. ഇതിന് ആദ്യതവണ PAC യുടെ 1% എന്ന നിരക്കിലും (കുറഞ്ഞത് ₹.1000/-, പരമാവധി ₹.50000/-) രണ്ടാം തവണ PAC യുടെ 2% എന്ന നിരക്കിലും (കുറഞ്ഞത് ₹.2000/-, പരമാവധി ₹.100000/-) പിഴ ഈടാക്കി പുതുക്കിയ കാലാവധിക്കനുസരിച്ച് സപ്ലിമെന്ററി എഗ്രിമെന്റ് ചമയ്ക്കേണ്ടതുമാണ്.

അതുപോലെ സെക്ഷൻ 2116.1 അനുസരിച്ച് യഥാർത്ഥ/ദീർഘിപ്പിച്ച പൂർത്തീകരണ കാലാവധി കഴിഞ്ഞാണ് പ്രവൃത്തി പൂർത്തീകരിക്കുന്നതെങ്കിൽ അധിക കാലത്തിന് പ്രതിവാരം PAC യുടെ 0.1% എന്ന നിരക്കിൽ (പരമാവധി 10%) ലിക്വിഡേറ്റഡ് ഡാമേജായി ഈടാക്കേണ്ടതാണ്.

എന്നാൽ ഇവിടെ ഇപ്രകാരം കരാറുകാരൻ സമയദൈർഘ്യത്തിനുള്ള അപേക്ഷ സമർപ്പിക്കുകയോ പിഴ ഒടുക്കി സപ്ലിമെന്ററി എഗ്രിമെന്റ് ചമയ്ക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ നിർദ്ദിഷ്ട കാലാവധിക്കു ശേഷമുള്ള കാലഘട്ടത്തിന് (1.4.5015മുതൽ 24.12.2016 വരെ, 90.4ആഴ്ച) സെക്ഷൻ 2116.1 അനുസരിച്ച് PAC യുടെ 9.04% കോമ്പൻസേഷൻ ഈടാക്കേണ്ടിയിരുന്നു. എന്നാൽ പിഴ എന്ന പേരിൽ കേവലം 2233/- രൂപ (ഫൈനൽ ബിൽ തുകയുടെ 5%) മാത്രമാണ് ഫൈനൽ ബില്ലിൽ നിന്നും ഈടാക്കിയത്. ഇതു മൂലം ഗ്രാമ പഞ്ചായത്തിന് താഴെ പറയും പ്രകാരം 21720/- രൂപയുടെ നഷ്ടമുണ്ടായി

| | |
|---|---|
| അംഗീകൃത PAC | 265000/- |
| കോമ്പൻസേഷൻ ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന തുക | 265000X9.04%<br>= 23956/- |
| ഈടാക്കിയതിൽ കുറവ് | 23956 – 2233<br>= 21723/- |

ടി ന്യൂനതകൾക്ക് വിശദീകരണം ആരാഞ്ഞ് നല്കിയ ഓഡിറ്റ് അന്വേഷണത്തിന്

(നം.3/12.62017) അസിസ്റ്റന്റ് എഞ്ചിനീയർ നല്കിയ മറുപടിയിൽ കുറവുവന്ന തുക ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

കുറവുവന്ന തുക കരാറുകാരനിൽ നിന്നും ഈടാക്കി പഞ്ചായത്തു നിധിയിൽ ഒടുക്കി വിവരം ഓഡിറ്റിൽ ധരിപ്പിക്കേണ്ടതാണ്.

| | | |
|---|---|---|
| *അനുബന്ധ വിവരങ്ങൾ:-* | | |
| *പദ്ധതി അടങ്കൽ* | *:-* | *രൂ.2.65,000/-* |
| *കരാർ നം.* | *:-* | *38/AE/LSGD/APZA/14-15 തീയതി 8.1.2015* |
| *അളവു പുസ്തകം നം* | *:-* | *48/14-15* |
| *ആകെ മൂല്യം* | *:-* | *രൂ. 229049/-* |
| *കരാറുകാരന് നല്കിയ തുക* | *:-* | *രൂ.213077/-* |
| *ബിൽ വിവരങ്ങൾ* | *:-* | *Bill No.56/14-15 തീയതി 27.3.2015 രൂ. 184405/-*<br>*Bill No. 3/16-17 തീയതി,17.3.2017 രൂ.44647/-* |
| *അളവു രേഖപ്പെടുത്തി മൂല്യ നിർണ്ണയം നടത്തിയത്* | *:-* | *ശ്രീമതി. ലക്ഷ്മി. V, അസിസ്റ്റന്റ് എഞ്ചിനീയർ* |
| *ചെക്ക മെഷർ നടത്തിയത്* | *:-* | *അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, മുതുകുളം ബ്ലോക്ക്* |

## 3-5 പ്രട്ടേക്കാത്ത് വടക്കുവശം മുതൽ പുത്തൻ മണ്ണേൽ വരെ റോഡ് - ഗുണനിലവാരം കുറവ്, കണക്കുകൾ ഗുണ. സമിതി അംഗീകരിച്ചിട്ടില്ല

നിർവ്വഹണം : അസിസ്റ്റന്റ് എഞ്ചിനീയർ

പ്രോജക്ട് നം. : S0049/17

കൺവീനർ : പൊന്നുമോൻ

പ്രട്ടേക്കാത്ത് വടക്കുവശം മുതൽ പുത്തൻ മണ്ണേൽ വരെ റോഡ് മെറ്റലിംഗിനായി 2014-15 ൽ 300000/- രൂപാ അടങ്കലിൽ പദ്ധതി തയ്യാറാക്കിയിരുന്നു. എന്നാൽ വെള്ളക്കെട്ടും താഴ്ചയും ഉള്ള പ്രദേശമായതിനാൽ Road Formation മാത്രമാക്കി ഭേദഗതി വരുത്തി റിവൈസ്ഡ് 230000/-രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി അതനുസരിച്ചാണ് പ്രവൃത്തി നടത്തിയത്. ഈ പ്രവൃത്തിയുടെ നടത്തിപ്പിൽ താഴെപ്പറയുന്ന ന്യൂനതകൾ കാണുന്നു.

1. നിർമ്മാണ പ്രവൃത്തിക്ക് കാര്യമായ ഗുണനിലവാരം ഇല്ല

25 cm കനത്തിൽ ക്വാറി മക്ക് വിരിച്ചുറപ്പിച്ച് അതിനു മുകളിൽ 20cm കനത്തിൽ നല്ല ഗുണനിലവാരമുള്ള എർത്ത് (ഗ്രാവൽ) വിരിച്ചുറപ്പിക്കുന്നതിനാണ് എസ്റ്റിമേറ്റിൽ നിർദ്ദേശിച്ചിരുന്നത്. അപ്രകാരം തന്നെ ചെയ്തതായാണ് അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ളതും. എന്നാൽ 12.6.2017 ൽ നടത്തിയ ഭൗതിക പരിശോധനയിൽ ക്വാറി മക്കിനുമുകളിൽ തീരെ ഗുണനിലവാരം കുറഞ്ഞതും ചെളിയുടെ അംശം കൂടുതലുള്ളതും ആയ എർത്ത് (കട്ടിംഗ് ഗ്രാവൽ) വിരിച്ചിട്ടുള്ളതായും റോഡിൽ ചെളി നിറഞ്ഞും പലയിടങ്ങളിലും ക്വാറി മക്ക് തെളിഞ്ഞു നിൽക്കുന്നതായും കണ്ടെത്തി. ഇതിൽ നിന്നും റോഡ് എസ്റ്റിമേറ്റിലും അളവു പുസ്തകത്തിലും പറഞ്ഞ പ്രകാരമുള്ള മെറ്റീരിയൽ അതേ അളവിൽ (കനത്തിൽ) ഉപയോഗിച്ചല്ല നിർമ്മിച്ചത് എന്നു വ്യക്തം.

2. ചെലവു കണക്കുകൾ ഗുണഭോക്തൃ സമിതി അംഗീകരിച്ചിട്ടില്ല

ഗുണഭോക്തൃ സമിതി മുഖേനയാണ് പ്രവൃത്തി നിർവ്വഹിച്ചത്. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ചു കഴിഞ്ഞ് ഗുണഭോക്തൃ സമിതി യോഗം ചേരുകയോ, കണക്കുകൾ സംബന്ധിച്ച് ചർച്ച നടത്തി കണക്കുകൾ ഗുണഭോക്തൃ സമിതി അംഗീകരിക്കുകയോ ചെയ്തിട്ടില്ല. ഇത് വികേന്ദ്രീകൃതാസൂത്രണവുമായി ബന്ധപ്പെട്ട സർക്കാർ നിർദ്ദേശങ്ങളുടെ ലംഘനമാണ്.

ടി ന്യൂനതകൾക്ക് വിശദീകരണം ആരാഞ്ഞ് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.10/13.6.2017) അസിസ്റ്റന്റ് എഞ്ചിനീയർ നല്കിയ മറുപടിയിൽ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾകൊണ്ടും വേനൽക്കാലത്തു നിരത്തിയ ഗ്രാവൽ മഴക്കാലമായപ്പോൾ ക്വാറിമക്കിലേക്ക് ഊഴ്ന്നിറങ്ങിയതുകൊണ്ടും വാഹനങ്ങൾ ഓടിയതുകൊണ്ടും ആണ് പാറക്കഷണങ്ങൾ തെളിഞ്ഞു കണ്ടത് എന്നും കൺവീനർ ഹാജരാക്കിയ രേഖകൾ അപാകത പരിഹരിക്കുന്നതിനായി തിരികെ നൽകിയിരുന്നു എന്നും അവ ഓഡിറ്റിൽ ഹാജരാക്കുന്നതാണെന്നും അറിയിച്ചു.

പ്രവൃത്തി പൂർത്തീകരിച്ചത് 2016 ഡിസംബർ മാസത്തിലാണ്. കേവലം 6 മാസത്തിനകം റോഡ് ഈ സ്ഥിതിയിലായതിന് ടി വിശദീകരണം യാതൊരു കാരണവശാലും അംഗീകരിക്കാവുന്നതല്ല. മാത്രമല്ല പദ്ധതി നടത്തിപ്പ് ശരിയായ വിധം മോണിറ്ററിംഗ് നടത്തിയിട്ടുമില്ല. ഇവിടെ, പ്രസിഡന്റിനെക്കൂടാതെ ബന്ധപ്പെട്ട വിഷയ സമിതിയിലെ ഒരംഗം മാത്രമാണ് മോണിറ്ററിംഗ് സർട്ടിഫിക്കറ്റിൽ ഒപ്പു വെച്ചിട്ടുള്ളത്.

ആയതിനാൽ പ്രവൃത്തിയിലുണ്ടായ ന്യൂനതകൾ പരിഹരിച്ച് മോണിറ്ററിംഗ് സമിതി പരിശോധിച്ച് സാക്ഷ്യപ്പെടുത്തി ആ സാക്ഷ്യപത്രവും ഗുണഭോക്തൃ സമിതി അംഗീകരിച്ച കണക്കുകളും ചെലവു രേഖകളും ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

ചെലവ് രൂ.233671/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

*അനുബന്ധ വിവരങ്ങൾ:-*

| | |
|---|---|
| *പദ്ധതി അടങ്കൽ* | *:- രൂ.3,00,000/-* |
| *കരാർ നം.* | *:- 63/AE/LSGD/APZA/14-15* |

| | | |
|---|---|---|
| | | *തീയതി 22.5.2015* |
| *അളവു പുസ്തകം നം* | *:-* | *02/16-17* |
| *ആകെ മൂല്യം (നികുതികൾ സഹിതം)* | *:-* | *രൂ. 233671/-* |
| *കൺവീനർക്ക് നല്കിയ തുക* | *:-* | *രൂ.220319/-* |
| *ബിൽ വിവരങ്ങൾ* | *:-* | *Bill No. 4/16-17 തീ.22.3.17 രൂ.233671/-* |
| *അളവു രേഖപ്പെടുത്തി മൂല്യ നിർണ്ണയം നടത്തിയത്* | *:-* | *ശ്രീമതി. ലക്ഷ്മി.V, അസിസ്റ്റന്റ് എഞ്ചിനീയർ* |
| *ചെക്ക മെഷർ നടത്തിയത്* | *:-* | *അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, മുതുകുളം ബ്ലോക്ക്* |

## 3-6 ഇടവിളകൃഷി,സമഗ്ര കേരകൃഷി വികസനം – പർച്ചേസ് കമ്മറ്റി തീരുമാനത്തിന് വിരുദ്ധമായി വാങ്ങൽ നടത്തി

എ). ഇടവിളകൃഷി (ജനറൽ) 1000 രൂപ വിലയുള്ള 200 യൂണിറ്റുകൾ

പ്രോജക്ട് നമ്പർ - S0142/17

ചെലവ്- ബിൽ നമ്പർ ARP 43(2)/16-17 തീയതി,31.3.17 – 135250/- വികസനഫണ്ട്

ബിൽ നമ്പർ ARP 43(3)/16-17 തീയതി, 31.3.17 – 15000/- വികസനഫണ്ട്

ചെക്ക് നമ്പർ 001935/5.5.17 - 50000/- ഗുണഭോക്തൃവിഹിതം

ബി). ഇടവിളകൃഷി (വനിത )2000 രൂപ വിലയുള്ള 100 യൂണിറ്റുകൾ

പ്രോജക്ട് നമ്പർ - S0144/17

ചെലവ്- ബിൽ നമ്പർ ARP 43(1)/16-17 തീയതി,23.3.17 – 150000/- വികസനഫണ്ട്

ചെക്ക് നമ്പർ 001936/5.5.17 - 50000/- ഗുണഭോക്തൃവിഹിതം 200250/-

സി). സമഗ്ര കേരകൃഷി വികസനം

പ്രോജക്ട് നമ്പർ - S0155/17

ചെലവ്- ബിൽ നമ്പർ ARP 43(4)/16-17 തീയതി, 31.3.17 – 625000/- വികസനഫണ്ട്

ബിൽ നമ്പർ ARP 43(5)/16-17 തീയതി, 31.3.17 – 214245 /- വികസനഫണ്ട്

ബിൽ നമ്പർ ARP 43(8)/16-17 തീയതി, 31.3.17 – 609375/- വികസനഫണ്ട്

പർച്ചേസ് കമ്മറ്റിയുടെ 21.11.16 ലെ 4-ാം നമ്പർ തീരുമാന പ്രകാരം ഇടവിള കൃഷിക്ക് ആവശ്യമായ കിഴങ്ങ് ശ്രീകാര്യം കിഴങ്ങ് വിള ഗവേഷണ കേന്ദ്രത്തിൽ നിന്നും സമഗ്ര കേരകൃഷി വികസനം പ്രോജക്ടിനാവശ്യമായ തെങ്ങിൻ തൈ സി.പി.സി.ആർ.ഐ. കൃഷ്ണപുരത്ത് നിന്നും വാങ്ങാനാണ് തീരുമാനിച്ചിരിക്കുന്നത്. എന്നാൽ ഇതിന് വിരുദ്ധമായി അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ, കൊട്ടാരക്കര യൂണിറ്റിൽ നിന്ന് ഇടവിള കിറ്റും അമ്പലപ്പുഴ യൂണിറ്റിൽ നിന്ന് തെങ്ങിൻ തൈയും വാങ്ങിയിരിക്കുന്നത്. ഇതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ 16/13.6.2017 ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ പ്രോജക്ടിൽ ഫോറത്തിൽ പറഞ്ഞിരിക്കുന്ന പ്രകാരം ക്വട്ടേഷൻ/ ടെൻഡർ നടപടികൾ കൂടാതെ വാങ്ങാൻ അനുമതിയുള്ള സ്ഥാപനങ്ങളിൽ നിന്നാണ് വാങ്ങിയതെന്നും കൃഷി ഡയറക്ടറുടെ റ്റി.ജി.11(1) 11880/17 തീയതി, 15.3.17 നമ്പർ സർക്കുലറിലെ നിർദ്ദേശ പ്രകാരവുമാണ് കെയ്കോയിൽ നിന്ന് വാങ്ങിയതെന്നാണ്. ഈ മറുപടി അംഗീകരിക്കത്തക്കതല്ല. കൃഷി ഡയറക്ടറുടെ സർക്കുലർ കാർഷിക യന്ത്രങ്ങളുടെ വാങ്ങൽ സംബന്ധിച്ചുള്ളതാണ്.

സർക്കാർ ഉത്തരവ് മുഖേന പ്രത്യേകം അനുവദിച്ചിട്ടുള്ള സംഗതികളില്ലാതെ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ നിന്ന് ക്വട്ടേഷൻ കൂടാതെ വാങ്ങാൻ അനുവാദമില്ലന്നിരിക്കെ ഇടവിള കിറ്റും തെങ്ങിൻ തൈയും നേരിട്ട് വാങ്ങിയത് ക്രമപ്രകാരമല്ല. വിത്തുകളും തൈകളും കെയ്കോയിൽ നിന്ന് നേരിട്ട് വാങ്ങുന്നതിന് സർക്കാർ ഉത്തരവില്ല. കൂടാതെ ജില്ലാ കൃഷി തോട്ടം, കായംകുളം പ്രാദേശിക കൃഷി വിജ്ഞാന കേന്ദ്രം, വി.എഫ്.പി.സി.കെ, സി.പി.സി.ആർ.ഐ.കൃഷ്ണപുരം എന്നീ വിത്തുകളും തൈകളും ഉത്പാദിപ്പിക്കുന്ന സ്ഥാപനങ്ങൾ ജില്ലയിൽ തന്നെ ഉണ്ടായിരിക്കെ കാർഷിക ഉപകരണങ്ങൾ ഉണ്ടാക്കുന്ന ഒരു സ്ഥാപനത്തിൽ നിന്ന് ക്വട്ടേഷൻ കൂടാതെ വാങ്ങൽ നടത്തിയത് ശരിയല്ല. സർക്കാർ നിർദ്ദേശങ്ങൾ പാലിച്ച് വാങ്ങൾ നടത്താൻ ശ്രദ്ധിക്കേണ്ടതാണ്. ഭരണസമിതിയുടെ ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

## 3-7 ഗ്രോബാഗ് പച്ചക്കറി കൃഷി വികസനം - അധിക ചെലവ്

നിർവ്വഹണം : കൃഷി ഓഫീസർ

പ്രോജക്ട് നമ്പർ - S0151/17

ചെലവ് - ബിൽ നമ്പർ ARP 43(6)/16-17 തീയതി, 31.3.17 - 429500/-

ബിൽ നമ്പർ ARP 43(7)/16-17 തീയതി, 31.3.17 – 178500/-

ചെക്ക് നമ്പർ 001938/15.5.17 - 197613/- (ഗുണഭോക്തൃവിഹിതം )

പ്രോജക്റ്റിലുൾപ്പെടുത്തി 8525 ഗ്രോബാഗും വിത്തും, 8525 kg ജൈവവളവും അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, അമ്പലപ്പുഴയിൽ നിന്ന് വാങ്ങിയിട്ടുണ്ട്. സബ്സിഡി നിർദ്ദേശ പ്രകാരം ജൈവവളത്തിന് 75% വും സ.ഉ.(സാധാ) 50/17 തസ്വഭവ തീ. 7.1.17പ്രകാരം പച്ചക്കറി കൃഷിക്ക് ഗ്രോബാഗ്, വിത്ത്, മിക്സ്ച്ചർ എന്നിവയടക്കം നൽകുന്നതിന് 75% സബ്സിഡിയോ പരമാവധി 60/-രൂപയോ മാത്രമാണ് നൽകാവുന്നത്. ഇതിൻ പ്രകാരം ആകെ ചെലവഴിച്ച 805613/-രൂപയുടെ 75% ആയ 604209/-രൂപ മാത്രമാണ് വികസനഫണ്ടിൽ നിന്ന് ചെലവഴിക്കാവുന്നത്. എന്നാൽ വികസനഫണ്ടിൽ നിന്ന് 608000/- രൂപ ചെലവഴിക്കുക വഴി 3791/-രൂപയുടെ അധിക ചെലവുണ്ടായിട്ടുണ്ട്. തുക നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്ന് ഈടാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നമ്പർ 14/13.6.17 മുഖേന വിശദീകരണം ആവശ്യപ്പെട്ടതിന് 12-ാം പദ്ധതി സബ്സിഡി നിർദ്ദേശ പ്രകാരം പച്ചക്കറി വിത്തിന് 100% സബ്സിഡി അനുവദനീയമായതിനാലാണ് അധിക ചെലവുണ്ടായതെന്നാണ്. സ.ഉ.(സാധാ) 50/17 പ്രകാരം ഗ്രോബാഗിന് 75% സബ്സിഡി നൽകുവാൻ മാത്രം അനുവാദമുള്ളതിനാൽ ലഭ്യമാക്കിയ മറുപടി അംഗീകരിക്കത്തക്കതല്ല. അധിക തുക നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 3-8 പദ്ധതി രൂപീകരണം - നോട്ടീസ് പ്രിന്റിംഗിന് അധിക തുക നൽകി, പദ്ധതി രേഖ പ്രിന്റ് ചെയ്തത് ക്വട്ടേഷനില്ലാതെ

പദ്ധതി രൂപീകരണവും നിർവ്വഹണവും എന്ന പദ്ധതി (നം.81/17) വഴി വിവിധ പ്രിന്റിംഗ് ജോലികൾ നിർവ്വഹിക്കുന്നതിനായി ക്വട്ടേഷൻ ക്ഷണിക്കുകയും കുറഞ്ഞ തുക ക്വാട്ട് ചെയ്ത ശ്രീ ഓഫ്സെറ്റ്, ആയിക്കാട്, ചേപ്പാട് എന്ന സ്ഥാപനത്തിന് പ്രവൃത്തികൾ ഏൽപ്പിച്ച് നൽകുകയും ചെയ്തു (പഞ്ചായത്ത് കമ്മറ്റി തീരുമാനം നം. 1(3) 12/8/2016). സ്ഥാപനം ഹാജരാക്കിയ ബില്ലിന്റെ അടിസ്ഥാനത്തിൽ (വാറ്റ് കിഴിച്ച് 71016/-, 10368/- രൂപയുടെ 2 ബില്ലുകൾ) 81379/- രൂപ സ്ഥാപനത്തിന് നൽകി. ട്രഷറി ബിൽ നം 21 തീയതി 31/3/17 വഴി 76704/- രൂപയും (ആകെ ബിൽ തുക.154699/- രൂപ) ബിൽ നം. 22 തീയതി 31/3/17 വഴി 4675/- രൂപയുമാണ് സ്ഥാപനമുടമ ശ്രീ.ജയരാജിന്റെ പേരിലുള്ള എസ്.ബി.ഐ ഹരിപ്പാട് ശാഖയിലെ 20182861892 നമ്പർ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത് നൽകിയത്. ഈ പ്രവൃത്തി നടത്തിപ്പിൽ താഴെപ്പറയുന്ന അപാകങ്ങൾ ഉണ്ടായി.

1. ഗ്രാമസഭാ നോട്ടീസ് പ്രിന്റിംഗിന് ക്വട്ടേഷനിൽ പറയുന്നതിൽ അധികമായ നിരക്ക് ഈടാക്കി. 7/11/16, 16/2/17 തീയതികളിലെ ഗ്രാമസഭാ നോട്ടീസുകൾ 9000 എണ്ണം വീതം A6 വലുപ്പത്തിൽ പ്രിന്റ് ചെയ്തതിന് (ആകെ 18000 നോട്ടീസ്) 10800/-രൂപ ക്രമത്തിൽ 21600/-രൂപയാണ് ഇരു ബില്ലുകളിലുമായി ക്ലയിം ചെയ്തത്. ഇതിൽ മൂല്യവർദ്ധിത നികുതി 4ശതമാനം കിഴിച്ച് (864/-രൂപ) 20736/-രൂപ മേൽപ്പറഞ്ഞ വ്യക്തിക്ക് നൽകി. ക്വട്ടേഷനിൽ A6 സൈസ് 1000 കോപ്പി പ്രിന്റ് ചെയ്യുന്നതിന് 700/-രൂപയാണ് കാണിച്ചിട്ടുള്ളത്. ആകയാൽ 9000 നോട്ടീസ് അച്ചടിക്കാൻ 6300/-രൂപ മാത്രമേ ചാർജ്ജ് വരൂ. 18000 നോട്ടീസിന് 12600/-രൂപക്ക് പകരം 21600 രൂപ നൽകുക വഴി 9000 രൂപയുടെ അധിക ചെലവുണ്ടായി. ഈ പ്രവൃത്തിക്ക് ബില്ലിൽ കുറവ് ചയ്ത വാറ്റ്

864സംസ്ഥാന സഞ്ചിത നിധിയിൽ അടച്ചിട്ടില്ല. 12600 രൂപയിൽ നാല്ശതമാനം വാറ്റ് 504 രൂപ കിഴിച്ച് 12096 രൂപയാണ് സ്ഥാപനത്തിന് നൽകേണ്ടിയിരുന്നത്. എന്നാൽ 20736/-രൂപ സ്ഥാപനത്തിന് നൽകി. ഇതുവഴി 8640 രൂപ അധികമായി നൽകി. ഈ തുക നിർവ്വഹണോദ്യോഗസ്ഥയായ സെക്രട്ടറിയിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

2. മേൽപ്പറഞ്ഞ രണ്ട് ബില്ലിലായി (73974/-രൂപ, 10800/-രൂപ) യഥാക്രമം 2959/-, 432/-രൂപ വീതം ആകെ 3491/-രൂപ മൂല്യവർദ്ധിത നികുതി കുറവ് ചെയ്തിട്ടുണ്ട് (4 ശതമാനം). ഇത് കിഴിച്ചുള്ള തുകയാണ് നൽകിയിട്ടുള്ളതും. എന്നാൽ വാറ്റിനത്തിൽ ബില്ലിൽ കുറവ് ചെയ്ത തുക പഞ്ചായത്ത് ഫണ്ടിൽ നിന്ന് പിൻവലിച്ച് സംസ്ഥാന സഞ്ചിത നിധിയിൽ ബന്ധപ്പെട്ട ശീർഷകത്തിൽ അടച്ചിട്ടില്ല. മേൽപ്പറഞ്ഞ പരാമർശം കൂടി പരിഗണിച്ച് 3031 രൂപ (3491- 864 +504) പഞ്ചായത്ത് ഫണ്ടിൽ നിന്ന് പിൻവലിച്ച് സംസ്ഥാന സഞ്ചിത നിധിയിൽ അടക്കേണ്ടതാണ്.

3. കരട് പദ്ധതി രേഖ 50 പ്രതി അച്ചടിക്കുന്നതിന് 9150/- രൂപയും അന്തിമ പദ്ധതി രേഖ 125 പ്രതി അച്ചടിക്കുന്നതിന് 15575/- രൂപയും ശ്രീ ഓഫ്സെറ്റിന് നൽകിയിട്ടുണ്ട്. കവർ പേജുൾപ്പടെ 71 പേജ് മാത്രം വരുന്ന ഇവക്ക് പ്രതി ഒന്നിന് യഥാക്രമം 183/-, 124.60 രൂപ വീതം ചെലവായി. ക്വട്ടേഷനില്ലാതെയാണ് ഈ പ്രവൃത്തി നിർവ്വഹിച്ചിരിക്കുന്നത്. മേൽപ്പറഞ്ഞ ക്വട്ടേഷനിൽ ഇതിന്റെ അച്ചടി സംബന്ധിച്ച് രേഖപ്പെടുത്തലുമില്ല.

അപാകങ്ങൾ ചൂണ്ടിക്കാട്ടി ആഡിറ്റ് അന്വേഷണം നൽകിയതിൽ പ്രിന്റിംഗിനത്തിൽ അധികം നൽകിയ തുക സ്ഥാപനത്തിൽ നിന്ന് തിരിക ഈടാക്കുന്നതാണന്ന് സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. സ്ഥാപനം തുക അടക്കാത്തപക്ഷം ചലവ് ചെയ്ത സെക്രട്ടറിയിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

## 3-9 പ്രിന്റിംഗ് - വാറ്റ് ഈടാക്കിയില്ല

2016 ഫെബ്രുവരി, ജൂലൈ മാസങ്ങളിൽ നടന്ന ഗ്രാമസഭകളുടെ നോട്ടീസുകൾ (9000 എണ്ണം വീതം)പ്രിന്റ് ചെയ്യാൻ ക്വട്ടേഷൻ ക്ഷണിക്കുകയും കുറഞ്ഞ നിരക്കായ പ്രതി ഒന്നിന് 1.20 ക്വാട്ട് ചെയ്ത ശ്രീ ഓഫ്സെറ്റ്, ആയിക്കാട്, ചേപ്പാട് എന്ന സ്ഥാപനത്തെ കരാറേൽപ്പിക്കുകയും ചെയ്തു. ക്വട്ടേഷൻ, ബില്ലുകൾ എന്നിവയിൽ തീയതിയോ നമ്പരോ രേഖപ്പെടുത്തിയിട്ടില്ല. വൗച്ചർ നമ്പർ 21600446 തീയതി 3/10/16, 21600515 തീയതി 3/11/16 എന്നിവ പ്രകാരം 10800രൂപ വീതം ആകെ 21600 രൂപ സ്ഥാപന ഉടമയായ ശ്രീ.പി.ജയരാജിന് നൽകി. എന്നാൽ പ്രസ്തുത തുകക്ക് കേരള മൂല്യവർദ്ധിത നികുതി നിയമം വകുപ്പ് 10 പ്രകാരം ഈടാക്കേണ്ടിയിരുന്ന നാല് ശതമാനം വാറ്റ് ഈടാക്കിയിട്ടില്ല. ഈയിനത്തിൽ 864 രൂപയുടെ നഷ്ടം സംസ്ഥാന സർക്കാരിനുണ്ടായി. തുക സ്ഥാപനത്തിൽ നിന്ന് ഈടാക്കാത്ത പക്ഷം പണം നൽകിയ സെക്രട്ടറിയിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 3-10 സെക്രട്ടറിയുടെ പദ്ധതി നിർവ്വഹണം - രേഖകൾ പൂർണ്ണമല്ല - ചെലവ് തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവ്വഹിച്ച താഴെപ്പറയുന്ന പദ്ധതികളുടെ ചെലവ് രേഖകൾ പൂർണ്ണമല്ല. മറ്റ് തദ്ദേശ സ്ഥാപനങ്ങൾക്കും സർക്കാർ വകുപ്പുകൾക്കും നൽകിയ തുകയുടെ രസീത്, വിനിയോഗവിവരം എന്നിവ ലഭ്യമല്ല. ആകയാൽ ചെലവ് തടസ്സപ്പെടുത്തുന്നു.

| പദ്ധതി നം., പേര് | തുക നൽകപ്പെട്ട ഉദ്യോഗസ്ഥൻ | തുക | ബിൽ നം, തീയതി |
|---|---|---|---|
| പാണ്ടിക്കന്നേൽ ഓട നിർമ്മാണം ഗ്രാമപഞ്ചായത്ത് വിഹിതം നൽകൽ (പദ്ധതിനം.180/17) | ബി.ഡി.ഒ മുതുകുളം | 240000 | 19/16-17, 31/3/2017 |
| മുട്ടേൽ പുതുവൽ തോടിന് കുറുകെ കലുങ്ക് ഗ്രാമപഞ്ചായത്ത് വിഹിതം നൽകൽ (പദ്ധതി നം 185/17) | ബി.ഡി.ഒ മുതുകുളം | 240000 | 20/16-17, 31/3/17 |
| വെള്ളക്കരം കുടിശ്ശിക, 95/17 | കേരള വാട്ടർ അതോറിറ്റി | 3085000 | 12/16-17, 10/3/17 |
| അങ്കണവാടി കെട്ടിടനിർമ്മാണം, 183/17 | എക്സി.എൻജിനീയർ, PWD കെട്ടിട വിഭാഗം, ആലപ്പുഴ | 1740000 | 17/16-17-721301/-, 18/16-17-1012699/-, 31/3/17 |
| ആകെ | | 5305000 | |

## 3-11 സി.ഡി.എസ് ന് നൽകിയ തുക ചെലവഴിക്കാതെ ശേഷിക്കുന്നു

പ്ലാൻ മിത്ര പദ്ധതി വിഹിതം (പദ്ധതി നം 136/17) – 20000/-രൂപ, അഗതി-ആശ്രയ പോഷകാഹാരം (പദ്ധതി നം 112/17) – 20000/-രൂപ എന്നിവ സി.ഡി.എസ് ന് നൽകി (യഥാക്രമം ബിൽ നം.23/16-17തീയതി, 31/3/17; ബിൽ നം.13/16-17 തീയതി, 10/3/17). ഇതിൽ പോഷകാഹാര പദ്ധതിക്ക് 85000 രൂപ മാത്രമാണ് ചെലവഴിച്ചത്. പ്ലാൻമിത്ര പദ്ധതിക്കായി നൽകിയ തുക ചെലവഴിക്കാതെ ശേഷിക്കുന്നു. മൽസ്യ സംസ്കരണം, ബയോ ഫാർമസി എന്നീ പദ്ധതികൾ കുടുബശ്രീ യൂണിറ്റ് വഴി നടപ്പാക്കാനാണ് വിഭാവനം ചെയ്യുന്നതെങ്കിലും പ്രാദേശിക പരിതസ്ഥിതിയിൽ ഇതിന്റെ പ്രായോഗികത പരിശോധിച്ചിട്ടില്ല. വ്യക്തമായ പ്രായോഗികതാ പരിശോധനക്ക് ശേഷം തുക ചെലവഴിച്ച് വിവരം ആഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-12 മത്സ്യതൊഴിലാളികളുടെ മക്കൾക്ക് പഠനോപകരണം - വാങ്ങിയവയെല്ലാം വിതരണം ചെയ്തില്ല

പ്രോജക്ട് നമ്പർ - SO118/17

അടങ്കൽ - 796000 (വികസനഫണ്ട് - 652000+ധനകാര്യ കമ്മീഷൻ ഗ്രാന്റ് - 144000)

ചെലവ് - ബിൽ നമ്പർ :9-16/17 തീയതി,25.3.17- 650297/-

ബിൽ നമ്പർ : 10-16/17 തീയതി,25.3.17- 144000/-

നിർവ്വഹണം - ഹെഡ് മിസ്ട്രസ്സ്,ഗവ.എൽ.പി.എസ്. മംഗലം

പ്രോജക്ടിലുൾപ്പെടുത്തി 199 മേശയും കസേരയും വാങ്ങിയെങ്കിലും വിതരണ രജിസ്റ്റർ പ്രകാരം 194 എണ്ണം മാത്രമാണ് വിതരണം ചെയ്തിട്ടുള്ളത്. 5 മേശയും കസേരയും വിതരണം ചെയ്യാതിരുന്നതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം. 6/12.6.2017 നൽകിയതിനുള്ള മറുപടിയിൽ 5 പേരുടെ അപേക്ഷയിലും അനുബന്ധ രേഖയിലും ചില അപാകതകൾ ഉണ്ടായിരുന്നതിനാലാണ് നൽകാതിരുന്നതെന്നും ഒരാൾ അപാകത പരിഹരിച്ച് രേഖകൾ ലഭ്യമാക്കിയതിനാൽ ഒരു മേശയും കസേരയും വിതരണം ചെയ്തുവെന്നുമാണ്. അവശേഷിക്കുന്ന 4 മേശയും കസേരയും വിതരണം ചെയ്യുന്നതുവരെ അവയ്ക്കായി ചെലവഴിച്ച 15984/-രൂപ തടസ്സപ്പെടുത്തുന്നു.

## 3-13 അംഗനവാടികൾക്ക് വാട്ടർ കണക്ഷൻ - പൂർത്തീകരണ വിവരങ്ങൾ ലഭ്യമല്ല

നിർവ്വഹണം - ഐ.സി.ഡി.എസ്.സൂപ്പർവൈസർ

1. പ്രോജക്ട് നമ്പർ - SO170/17

അടങ്കൽ - 2,30,000/-ധനകാര്യകമ്മീഷൻ ഗ്രാന്റ്

2. പ്രോജക്ട് നമ്പർ - SO22/17

അടങ്കൽ - 1,00,000

മേൽ രണ്ട് പ്രോജക്ടിലുൾപ്പെടുത്തി 19 അംഗനവാടികളുടെ വാട്ടർ കണക്ഷനായി 2,30,000/-രൂപയും (ബിൽ നമ്പർ 12-16/17 തീയതി, 21.3.17) 5 അംഗനവാടികളുടെ വാട്ടർ കണക്ഷനായി 1,00,000/- രൂപയും (ബിൽ നമ്പർ 6-16/17 തീയതി, 22.11.16) വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചിട്ടുണ്ട്. രണ്ട് പ്രവൃത്തികളുടേയും പൂർത്തീകരണ വിവരങ്ങൾ ലഭ്യമല്ല. അവ ഓഡിറ്റിൽ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. ചെലവ് രൂ. 330000/- തടസ്സപ്പെടുത്തുന്നു.

## 3-14 എസ്.എസ്.എ.വിഹിതം, പത്താംതര തുല്യത - സാധൂകരണ രേഖകൾ ഹാജരാക്കിയില്ല

നിർവ്വഹണം : പ്രധാനാധ്യാപിക, ഗവ.എൽ.പി.എസ്.മംഗലം

1.എസ്.എസ്.എ. വിഹിതം

പ്രോജക്ട് നമ്പർ - SO 113/17

ചെലവ് -ബിൽ നമ്പർ 1-16/17 തീയതി, 25.10.16 - 4,10,930/-

ബിൽ നമ്പർ 6-16/17 തീയതി, 20.3.17 – 5,71,094/-

എസ്.എസ്.എ. വിഹിതമായി 9,82,024/-രൂപ എസ്.എസ്.എ. പ്രോജക്ട് ഓഫീസർക്ക് നൽകിയിട്ടുണ്ടെങ്കിലും വിനിയോഗ സാക്ഷ്യപത്രം, 5,71,094/- രൂപയുടെ കൈപ്പറ്റ് എന്നിവ ഹാജരാക്കിയിട്ടില്ല.

2.പത്താംതര തുല്യത

പ്രോജക്ട് നമ്പർ - SO114/17

ചെലവ് - ബിൽ നമ്പർ 7-16/17 തീയതി,20.3.17

പ്രോജക്ടിലുൾപ്പെടുത്തി 14പേരുടെ പരീക്ഷാ ഫീസിനത്തിൽ 29,400 രൂപ പിൻവലിച്ചുവെങ്കിലും തുക സാക്ഷരതാമിഷനിൽ ഒടുക്കിയതിന്റേയും പഠിതാക്കൾ പരീക്ഷയിൽ പങ്കെടുത്തതിന്റെ രേഖകളും ഹാജരാക്കിട്ടില്ല.

രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 5/12.6.2017 നുള്ള മറുപടിയിൽ സാധൂകരണകരണ രേഖകൾ ആവശ്യപ്പെട്ട് എസ്.എസ്.എ. യ്ക്കും സാക്ഷരതാമിഷനും കത്ത് നൽകിയിട്ടുണ്ടെന്നും രേഖകൾ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധനയ്ക്ക ഹാജരാക്കുന്നതുമാണെന്നാണ്. രേഖകൾ ഹാജരാക്കുന്നതു വരെ 10,11,424/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-15 പഞ്ചായത്തിന്റെ പൂർവ്വകാല ചരിത്രം പ്രസിദ്ധപ്പെടുത്തൽ - സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ വികസനഫണ്ട് ചെലവഴിച്ചു

പ്രോജക്ട് നമ്പർ -SO115/17

നിർവ്വഹണം-പ്രധാനാധ്യാപിക, ഗവ.എൽ.പി.എസ്.മംഗലം

ചെലവ് - ബിൽ നമ്പർ -11/16-17 തീയതി,31.3.17- 10,000/- (വികസനഫണ്ട്)

സബ്സിഡി നിർദ്ദേശങ്ങളിൽ ഉൾപ്പെടാത്ത ഒരിനത്തിനായി വികസനഫണ്ട് ചെലവഴിക്കുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണെന്നിരിക്കെ പഞ്ചായത്തിന്റെ പൂർവ്വകാല ചരിത്രം പ്രസിദ്ധപ്പെടുത്തൽ എന്ന പ്രോജക്ട് മുൻകൂർ അനുമതിയില്ലാതെയാണ് നടപ്പാക്കിയത്. പ്രോജക്ടിലുൾപ്പെടുത്തി തയ്യാറാക്കിയ പൈതൃകരേഖ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പൈതൃകരേഖ ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 7/12.6.2017 നുള്ള മറുപടിയിൽ മൂന്നു ഘട്ടങ്ങളിലായാണ് പ്രോജക്ട് നടപ്പിലാക്കുന്നതെന്നും ഒന്നാം ഘട്ട പ്രവർത്തനമായ മീറ്റിങ്,

യാത്രാബത്ത, സ്റ്റേഷനറി എന്നിവയ്ക്കാണ് തുക ചെലവഴിച്ചതെന്നും മറുപടി ലഭ്യമാക്കി. സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാത്ത പ്രോജക്ടിനായി ചെലവഴിച്ച 10,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-16 ആയുർവേദ ഡിസ്പെൻസറിക്ക് മരുന്ന് - പൂർണ്ണമായും ലഭ്യമായില്ല

പ്രോജക്ട് നമ്പർ so 127/17 പ്രകാരം മരുന്ന് വാങ്ങുന്നതിനായി 5,00,000 രൂപ ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്ന് പിൻവലിച്ച് (ബിൽ നം. 799720153/15.2.2017) ഔഷധിക്ക് നൽകിയതിൽ 2,88,911 രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായത്. ബാക്കി 2,11,089രൂപയ്ക്കുള്ള മരുന്നുകൾ ലഭ്യമാകുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാൻ ഓഡിറ്റ് എൻക്വയറി നം. 9/13.6.2017 ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ചെലവ് രൂ.2,11,089/- നിരാകരിക്കുന്നു.

## 3-17 വാട്ടർ ടാങ്ക് വാങ്ങൽ - രസീതില്ലാതെ പണം നൽകി

ആറാട്ടുപുഴ ഗ്രാമ പഞ്ചായത്ത് എൽ.പി.എസിലേക്ക് (നല്ലാണിക്കൽ) സിന്തെറ്റിക് വാട്ടർ ടാങ്ക് (750 ലിറ്റർ) വാങ്ങിയതിന്റെ വിലയായി 4600/-രൂപ എച്ച്.എം ന് നൽകിയിട്ടുണ്ട്. എന്നാൽ ഇതിന്റെ ക്യാഷ് ബിൽ ഹാജരാക്കിയിട്ടില്ല. ആകയാൽ ചെലവ് തടസ്സപ്പെടുത്തുന്നു. വാറ്റ് നമ്പരോട് കൂടിയ ബിൽ ഓഡിറ്റിൽ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-18 ജീവനക്കാർക്ക് തെറ്റായി ഇൻക്രിമെന്റ് അനുവദിച്ചു

ശ്രീ.എസ്.ഉണ്ണികൃഷ്ണൻ, ശ്രീ.കെ.അനന്തകൃഷ്ണൻ, ശ്രീ.എം.ബി.സിബിൻ എന്നീ ക്ലർക്ക്മാരുടെ ശമ്പള നിർണ്ണയത്തിലും ഇൻക്രിമെന്റ് അനുവദിച്ചതിലും അപാകം സംഭവിച്ചത് നിമിത്തം പ്രസ്തുത ജീവനക്കാർക്ക് അധികശമ്പളം അനുവദിച്ചു. വിശദാംശം ചുവടെ.

1) ശ്രീ.എസ്.ഉണ്ണികൃഷ്ണൻ

12/7/1996 ൽ എൽ.ഡി.ക്ലർക്കായി സർവ്വീസിൽ കയറുകയും 1/7/1997 ൽ ആദ്യ ഇൻക്രിമന്റ് കൈപ്പറ്റുകയും ചെയ്തു. എന്നാൽ നാളിതുവരെ ഇദ്ദേഹത്തിന്റെ പ്രൊബേഷൻ പൂർത്തിയാക്കിയിട്ടില്ല. ഇതിനിടയിൽ വിവിധ കാരണങ്ങളാൽ രണ്ട് തവണയായി ഇദ്ദേഹത്തിന്റെ 5 ഇൻക്രിമന്റുകൾ സഞ്ചിത പ്രാബല്യത്തിൽ തടഞ്ഞിട്ടുണ്ട്. ആദ്യ മൂന്ന് വർഷത്തിൽ രണ്ട് വർഷം തുടർച്ചയായ നിരീക്ഷണകാലം പൂർത്തിയാകാതിരുന്നാൽ ഒരു വർഷത്തേക്ക് ആയത് നീട്ടിക്കൊടുക്കാൻ നിയമനാധികാരിക്ക് കഴിയും എന്നാൽ പിന്നീട് നിരീക്ഷണകാലം ദീർഘിപ്പിച്ച് നൽകാൻ അധികാരം സർക്കാരിന് മാത്രമാണ്. ഇത്തരത്തിൽ ദീർഘിപ്പിക്കലിന് ഒരിക്കൽ പോലും അപേക്ഷ നൽകാതെ ഇദ്ദേഹം സർവ്വീസിൽ തുടരുന്നത് ചട്ടവിരുദ്ധമാണ്.

ശ്രീ.ഉണ്ണികൃഷ്ണന്റെ ശമ്പളം 1/7/09 ൽ 9940/- (സ്കെയിൽ 9940-16580) ൽ നിശ്ചയിച്ച ശേഷം 1/7/10 ൽ ഇൻക്രിമന്റ് നൽകി (270രൂപ) 10210 ലേക്ക് ഉയർത്തി. 1/7/14ൽ സ.ഉ.(അ) 7/16 തീയതി 21/1/16 ശമ്പളം 21100ൽ നിജപ്പെടുത്തുകയും (സ്കെയിൽ 19000 – 43600) 1/7/15 ൽ

550 രൂപ ഇൻക്രിമന്റ് നൽകി 21650 ലേക്ക് ഉയർത്തുകയും ചെയ്തു. ഇൻക്രിമെന്റിന് പരിഗണിക്കാത്ത കാലഘട്ടം വെയിറ്റേജിന് പരിഗണിക്കുക വഴി ഫിക്സേഷനിലും പിശകുണ്ടായി. 1/7/14 ൽ അടിസ്ഥാന ശമ്പളം 20000/- ൽ ഫിക്സ് ചെയ്യുന്നതിന് പകരം 21100/- ലാണ് നിജപ്പെടുത്തിയത്. ഈ അപാകങ്ങൾ നിമിത്തം 1/7/10 മുതൽ 1/6/17 വരെ അടിസ്ഥാന ശമ്പള ഇനത്തിൽ മാത്രം 64110/- (270x12x4+1100x12x +1650x23) രൂപ ശ്രീ.ഉണ്ണികൃഷ്ണൻ അധികമായി കൈപ്പറ്റിയിട്ടുണ്ട്. കൂടാതെ കാലാകാലങ്ങളിൽ അനുവദനീയമായ ക്ഷാമബത്തയും അധികമായി കൈപ്പറ്റി.

2) <u>ശ്രീ.അനന്തകൃഷ്ണൻ</u>

സേവനാരംഭം- 19/10/2007

1/7/14ലെ ശമ്പളം സ.ഉ.(അ) 7/16 തീയതി 21/1/16പ്രകാരം 20550ൽ നിജപ്പെടുത്തുകയും (സ്കെയിൽ 19000 – 43600) 1/7/15 ൽ 550/-രൂപ ഇൻക്രിമെന്റ് നൽകി 21100/- ലേക്ക് ഉയർത്തുകയും ചെയ്തു. പ്രൊബേഷൻ പൂർത്തിയാക്കാത്തതിനാൽ ഇൻക്രിമന്റിന് പരിഗണിക്കാത്ത കാലഘട്ടം വെയിറ്റേജിന് പരിഗണിക്കുക വഴി ഫിക്സേഷനിലും പിശകുണ്ടായി. 20/9/2010 ലെ ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്തിന്റെ ഇ6/2091/10 ഉത്തരവ് വഴി ഇദ്ദേഹത്തിന്റെ ഒരു ഇൻക്രിമന്റ് സഞ്ചിത പ്രാബല്യത്തിൽ തടഞ്ഞിട്ടുള്ളതും ഫിക്സേഷൻ ചെയ്തപ്പോൾ പരിഗണിച്ചിട്ടില്ല.

3) <u>ശ്രീ.സിബിൻ</u>

സേവനാരംഭം- 25/10/2007

1/10 2008 ൽ ആദ്യ ഇൻക്രിമെന്റ് നൽകി. 1/7/09 ലെ ശമ്പള നിർണ്ണയത്തിന് ശേഷം പ്രൊബേഷൻ പൂർത്തിയാക്കാതെ തന്നെ വീണ്ടും ഇൻക്രിമെന്റ് നൽകി. അധികം നൽകിയ തുക തിരികെ ഈടാക്കാൻ സേവനപുസ്തകം പരിശോധിച്ചശേഷം ഓഡിറ്റിൽ നിന്ന് നിർദ്ദേശിച്ചിരുന്നെങ്കിലും (ജി.എ.4/1106/1/C/2016, 30/9/16) ആയത് ഇതുവരെ തിരികെ ഈടാക്കപ്പെട്ടിട്ടില്ല.

അപാകങ്ങൾ പരിഹരിച്ച് അധികം നൽകിയ തുക തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# ഭാഗം-4

## <u>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും</u>

## 4-1 <u>വാർഷിക കണക്ക് പരിശോധന</u>

1. വാർഷിക കണക്കിൽ സാംഖ്യ സമ്പ്രദായം നിലവിൽ വരുന്നതിന് മുൻപുള്ള ആസ്തികൾ

തിട്ടപ്പെടുത്തി നൽകിയിട്ടില്ല. ആസ്തി രജിസ്റ്റർ പൂർണ്ണമല്ലാത്തതിനാൽ ബാലൻസ് ഷീറ്റിന്റെ കൃത്യത ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല.

2. TRY VPFA.TRY TSB A/C എന്നീ അക്കൗണ്ടുകളിൽ യഥാക്രമം 3185654രൂപ, 500 രൂപ നീക്കിയിരുപ്പുള്ളതായി RP40 (a), RP40 (b), ബാലൻസ് ഷീറ്റ് എന്നിവയിൽ കാണുന്നു. പാസ്സ് ബുക്ക്/ട്രഷറി സ്റ്റേറ്റ്മെന്റ് എന്നിവ ഹാജരാക്കാത്തതിനാൽ കൃത്യത ഉറപ്പിക്കാനായില്ല.

4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| മുതുകുളം ബ്ലോക്ക് പഞ്ചായത്ത് | 75000 | പാലിന് സബ്സിഡി | 75000 | --- |
| മുതുകുളം ബ്ലോക്ക് പഞ്ചായത്ത് | 390000 | ജലനിർഗ്ഗമന പൈപ്പ് | ---- | 390000 |
| മുതുകുളം ബ്ലോക്ക് പഞ്ചായത്ത് | 140514 | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് | 140514 | --- |
| മുതുകുളം ബ്ലോക്ക് പഞ്ചായത്ത് | 145000 | “ | 145000 | ---- |

4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ളത് |
|---|---|---|---|---|
| പി.ഡബ്ല്യു. ഡി. കെട്ടിട വിഭാഗം | അംഗൻവാടി കെട്ടിട നിർമ്മാണം (183/17) | 17,40,000 | ---- | 17,40,000 |
| വാട്ടർ അതോറിറ്റി | അംഗൻവാടിക്ക് വാട്ടർ കണക്ഷൻ | 2,30,000<br>1,00,000 | ----<br>---- | 2,30,000<br>1,00,000 |

| | | | | | |
|---|---|---|---|---|---|
| | S0170/17<br>S022/17 | | | | |

4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്സ് ഭവനപദ്ധതി | GO(Rt) No. 740/20/lsgd തീയതി,20/3/2010 | 15498000 | 6914515 | 1400000 | ---- | 5514515 |

4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 1092/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2013-14 | 2-1 | 1092 | ഷറഫ്.എം,<br>സീനിയർക്ലർക്ക് | 11604100252/10.3.17 |

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക നമ്പർ | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം |
|---|---|---|---|
| 2008-09. 2009-10, 2010-11 | 3-32<br>3-12<br>3-15 | 12-13 | സമ്പൂർണ്ണ ഊർജ്ജസാസൂത്രണം<br>ഹോമിയോ മെഡിക്കൽ ഓഫീസർ മരുന്ന് വാങ്ങൽ പദ്ധതി നിർവ്വഹണ തുക |

4-9. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 51520543 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 43543809 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 223520 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 6910679 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-7 | | 3791 | ശ്രീമതി.മഞ്ജുഷ, കൃഷി ഓഫീസർ |
| 3-8(1) | | 8640 | ശ്രീമതി.ആർ.ശ്രീല |
| 3-16 | | 211089 | ഡോ.പി.എസ്.നസീർ, മെഡിക്കൽ ഓഫീസർ, ആയുർവ്വേദം |
| | ആകെ | 223520 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5(2) | 233671 | ശ്രീമതി.ലക്ഷ്മി.വി,<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-10 | 5305000 | |
| 3-12 | 15984 | ശ്രീമതി.സുരീനബീഗം,പ്രധാനാധ്യാപിക |
| 3-13 | 330000 | ശ്രീമതി.എസ്.എസ്.സാഹ്നി,<br>ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| 3-14 | 1011424 | ശ്രീമതി.സുരീന ബീഗം,പ്രധാനാധ്യാപിക |
| 3-15 | 10000 | ശ്രീമതി.സുരീന ബീഗം,പ്രധാനാധ്യാപിക |
| 3-17 | 4600 | ശ്രീമതി.സുരീന ബീഗം,പ്രധാനാധ്യാപിക |
| ആകെ | 6910679 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

മൂല്യവർദ്ധിത നികുതി (കേരള സംസ്ഥാന സർക്കാർ)

ഖണ്ഡിക നം. 3-9 - 8641/-

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ആർ ശ്രീല, സെക്രട്ടറി | സെക്രട്ടറി,പുലിയൂർ ഗ്രാമ പഞ്ചായത്ത് | തോണ്ടലിൽ,<br>കൊല്ലകടവ്.പി.ഒ.,<br>മാവേലിക്കര |
| ലക്ഷ്മി.വി,<br>അസിസ്റ്റന്റ്എൻജിനീയർ | അസിസ്റ്റന്റ്എൻജിനീയർ,<br>ആറാട്ടുപുഴ<br>ഗ്രാമപഞ്ചായത്ത് | പുത്തൻവീട്,<br>കടയ്ക്കാവൂർ.പി.ഒ.,<br>തിരുവനന്തപുരം |

| | | |
|---|---|---|
| ഡോ.പി.എസ്.നസീർ, മെഡിക്കൽ ഓഫീസർ, ആയുർവേദം | മെഡിക്കൽ ഓഫീസർ, ആയുർവേദഡിസ്പെൻസറി, ആറാട്ടുപുഴ | പനവേലിൽ, കാർത്തികപ്പള്ളി.പി.ഒ കാർത്തികപ്പള്ളി |
| സുറീനബീഗം,എച്ച്.എം. | എച്ച്.എം, ഗവ.എൽ.പി.എസ്. മംഗലം | മീനത്തേരിൽ, ആറാട്ടുപുഴ നോർത്ത് |
| മഞ്ജുഷ,കൃഷി ഓഫീസർ | കൃഷി ഓഫീസർ,കൃഷി ഭവൻ, ആറാട്ടുപുഴ | ഐശ്വര്യ, പേരിശ്ശേരി.പി.ഒ.,ചെങ്ങന്നൂർ |

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1986-87 | എൽ.എഫ്.എ.1486/89/10.03.90 |
| 1987-88 | എൽ.എഫ്.എ.1570/90/06.02.91 |
| 1988-89 | എൽ.എഫ്.എ.730/91/12.8.92 |
| 1989-90 | എൽ.എഫ്.എ.564/92/18.08.92 |
| 1990-91,1991-92 | എൽ.എഫ്.എ.1057/93/05.11.95 |
| 1992-93 | എൽ.എഫ്.എ.1216/94/17.01.95 |
| 1993-94 | എൽ.എഫ്.എ.116/98/5.3.96 |
| 1994-95,1995-96 | എൽ.എഫ്.എ5/58/98/26.0.98 |
| 1996-97 (ചെലവ്) | എൽ.എഫ്.എ5/667/98/ 11.08.2000 |
| 1996-97 (വരവ്) | എൽ.എഫ്.എ5/667/98/ 11.08.2000 |
| 997-98 (ചെലവ്) | എൽ.എഫ്.എ10/1209/00/ 17.03.01 |
| 1997-98 (വരവ്) | എൽ.എഫ്.എ8/594/05/8.2.06 |
| 1998-99 | എൽ.എഫ്.എ8/118/02/7.12.02 |
| 1999-2000 (ചെലവ്) | എൽ.എഫ്.എ8/1413/03/13.4.04 |
| 2000-01 | എൽ.എഫ്.എ8/1414/03/ 13.04.04 |
| 2001-02 | എൽ.എഫ്.എ13/375/08/ 17.12.08/ 13.01.09 |
| 2002-03 | എൽ.എഫ്.എ13/380/08/ |

| | |
|---|---|
| | 19.12.08/19.01.09 |
| 2003-04 | എൽ.എഫ്.എ13/381/88/<br>19.12.08/ 16.01.09 |
| 2004-05 | എൽ.എഫ്.എ13/393/08/7.4.09 |
| 2005-06<br>2006-07(ചെലവ്) | എൽ.എഫ്.എ13/483/09/8.5.09 |
| 2006-07 (വരവ്) | എൽ.എഫ്.എ.13/549/10/<br>31.01.2011 |
| 2007-08 | എൽ.എഫ്.എ13/550/10/<br>31.01.2011 |
| 2008-09<br>2009-10<br>2010-11 | എൽ.എഫ്.എ.പി4.1068/2012<br>തീയതി, 12.12.12/08.03.13 |
| 2011-12<br>2012-13 | എൽ.എഫ്.എ.പി14/1839/2014/<br>10.02.15 |
| 2013-14 | എൽ.എഫ്.എ.പി4/671/15/<br>4.08.15 |
| 2014-15 | കെ.എസ്.എ-എ.എൽ.പി-<br>പി4-745/16, 16.07.2016 |
| 2015-16 | കെ.എസ്.എ-എ.എൽ.പി-<br>പി13-1448/16<br>തീയതി,17.12.2016 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്ന തിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ആലപ്പുഴ.

<u>അനുബന്ധം</u>

# ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം. കെ.എസ്.എ-എ.എൽ.പി/പി13-746/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് ഓഫീസ്, ആലപ്പുഴ.

തീയതി: 19.6.2017

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, എന്നിവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ ആറാട്ടുപുഴ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിലെ ഖണ്ഡിക 4-1 ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ആറാട്ടുപുഴ ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ആലപ്പുഴ

No. KSA-ALP/P13-746/2017

Kerala State Audit Department,

District Audit Office, Alappuzha.

Date: 19.6.2017

*AUDIT CERTIFICATE*

Certified that I have audited the Annual Financial Statement of Arattupuzha Grama Panchayat in Alappuzha District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of Panchayats.

In my opinion, the Financial Statements of Arattupuzha Gramapanchayat for the year 2016-17 except the observations in my audit report properly presents the picture of income and expenditure.

Deputy Director

Kerala State Audit Department

Alappuzha